69th AGB Special

# HYDEL BULLET

Issue - 10, Vol - 10, October 2022

A Monthly Publication of the Kerala State Electricity Board Engineers' Association

## STREAMLINING REVAMPED DISTRIBUTION SECTOR SCHEME (RDSS)

Government of India has approved the Revamped Distribution Sector Scheme (RDSS) to help DISCOMs improve their operational efficiencies and financial sustainability. The project aims to provide result-linked financial assistance to DISCOMs based on meeting pre-qualifying criteria and achieving basic minimum benchmarks to strengthen supply infrastructure. The scheme has total outlay of Rs 3,03,758 Crore across the country over 5 years i.e. FY 2021-22 to FY 2025-26. REC and PFC are the nodal agencies for facilitating the implementation of the scheme.


The scheme aims to meet the objectives such as Reduction of AT&C losses to pan-India levels of 12-15% by 2024-25, Reduction of ACS-ARR gap to zero by 2024-25 and Improvement in the quality, reliability and affordability of power supply to consumers through a financially sustainable and operationally efficient distribution sector.

Cont...page 4



# KSEB ENGINEERS' ASSOCIATION

## CENTRAL OFFICE BEARERS (2022-2023)



**Er Sunil K.**
President



**Er Geetha V.S.**
General Secretary



**Er G. Shaj Kumar**
Vice-President (South)



**Er Sabu T. Joseph**
Vice-President (North)



**Er Anoop Vijayan**
Treasurer



**Er Kunjunni P.S.**
Org. Secretary (South)



**Er Shine Sebastian**
Org. Secretary (North)



**Er M. Muhammad Rafi**
Secretary (HQ)



**Er Nishanth B.**
Secretary (South)



**Er Pramod Kumar M.**
Secretary (North)

**KSEB Engineers' Association**
**Office Bearers 2022 - 23**

**ASSOCIATION**

**President**
Er Sunil K.

**Vice-Presidents**
Er G. Shaj Kumar (South)
Er Sabu T. Joseph (North)

**General Secretary**
Er Geetha V.S.

**Treasurer**
Er Anoop Vijayan

**Organising Secretaries**
Er Kunjunni P.S. (South)
Er Shine Sebastian (North)

**Secretaries**
Er M. Muhammad Rafi (HQ)
Er Nishanth B. (South)
Er Pramod Kumar M. (North)

**BENEVOLENT FUND**

**Chairman**
Er Kenny Philip

**Vice Chairman**
Er Subha T.G.

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep. S.V.

**Joint Secretaries**
Er Biji Radha Krishnan (South)
Er Hareesh A.D. (North)

**EDITORIAL BOARD**

**Chief Editor**
Er K.G. Potti

**Associate Editors**
Er Induchoodan D.R.
Er Divya Ramadas C.
Er Vivek V.S.
Er Dony C.S.

**Ex. Officio Members**
Er G. Shaj Kumar
Er Kunjunni P.S.

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 10 Vol - 10 October 2022

## Contents

➢ Editorial

➢ വിതരണത്തിനു തയ്യാറായി കേന്ദ്രം *(തീജ്വാല)*
*Er എൻ.ടി. ജോബ്*

➢ വൈദ്യുതി നിയമ ഭേദഗതി- പ്രചരിപ്പിക്കപ്പെടുന്ന ശങ്കകളും ആശങ്കകളും : ഒരു വിലയിരുത്തൽ (തുടർച്ച)
*Er സി.പി. ജോർജ്*

➢ ഭരണഘടന എന്ന വിസ്മയം *Er വിവേക് വി.എസ്.*

➢ America's Energy Politics *Er Chandran Pillai G.*

➢ അവൻ *(കവിത)* *Er ഹനീഷ് എ. എസ്.*

➢ കെ.എസ്.ഇ.ബി. ഇ. എ. 69 -ാമത് വാർഷിക പൊതുയോഗ റിപ്പോർട്ട്

➢ ദീപാവലി *(കവിത)* *Er മഹേഷ് റ്റി.*

➢ Follow Your Bliss *Er. Thomas Kolanjikombil*

➢ മിയാനും മിയാന്റെ മൽഹാറിൽ ചാലിച്ച ഗാന മാധുര്യങ്ങളും *(ഗാനമാധുരി- 02)*
*Er പി.വി. പ്രമോദ്*

➢ മറഞ്ഞിരിക്കുന്ന സൗന്ദര്യം *(സുഭാഷിതം)* *Er കെ. ശശിധരൻ*

➢ വികസന വിരോധികൾ *(നാടുനന്നാകാൻ - 10)*
*Er ഇ.എം. നസീർ*

➢ ദിനചര്യയും ജീവിതക്രമങ്ങളും *Er എം. അനിൽ*

➢ ശംഭോ മഹാദേവ *Er അനീഷ് ഫ്രാൻസിസ്*

The scheme aims to meet the objectives such as Reduction of AT&C losses to pan-India levels of 12-15% by 2024-25, Reduction of ACS-ARR gap to zero by 2024-25 and Improvement in the quality, reliability and affordability of power supply to consumers through a financially sustainable and operationally efficient distribution sector.

The Scheme has the following components: Part A -Financial support for Prepaid Smart Metering & System Metering and up-gradation of the Distribution Infrastructure. Part B-Training & Capacity Building and other Enabling & Supporting Activities.

In simpler terms, RDSS scheme helps to eradicate financial mismanagement and incompetence of state run power utilities to tackle the same. Several state utilities are at the verge of breaking down due to exorbitant dues to generation cos, very high revenue gaps on account of receivables from State Govts (subsidies and freebies announced by concerned state govts), lack of proper metering and loss/ theft prevention infrastructure. Along with above, much needed capital investment in power sector for quality /reliability improvement is getting indefinitely post-poned due to lack of funds. Inability to raise investment through loans due to poor financial conditions & credit worthiness is also haunting the financial sustenance of the utilities

PFC is the appointed Nodal agency by Central Govt for the State of Kerala for the RDSS project. Though the process of issuing guidelines etc started way back in 7/2021, there were significant delays in conceiving objectives, communicating same to down stream offices and consolidating the proposals. Initially section offices were asked to propose works as much as possible without any financial constraint. State wide proposals amounted was huge and totalled 19000 crores. After consultations with PFC, proposals were cut short to 3881 crores (1973 Crores for Loss reduction and 1908 Crores for Modernization). Reason for trimming our requirement was mainly because of superior AT &C loss existing in the State compared to other utilities, high collection efficiency and better reliability. Since the objective of the scheme is mainly prepaid metering and loss reduction, works with loss reduction were only considered in infrastructure works, and Kerala being a small State was entitled only to a proportionate share.

Rs 8200 crores is earmarked as the funding required for the smart meter implementation, for 1.35 crores consumers of the State. In the first phase installation of 37L is approved. Work order is issued to REC-PDCL as project implementation agency and the agreement is getting inked soon. They will be responsible for tendering and awarding work of" Supply, Installation,

Infrastructure and Data management " of Smart meters. In the first phase Feeder, boundary and DTR meters, Govt offices, HT consumers and domestic consumers with more than 200 units monthly consumption are selected for Smart meter installation. The Tendering and further proceedings are not yet started.

Grant for "Modernization" will be sanctioned based on review of Project implementation of Loss reduction works during FY 2022-23. As AT & C loss declared by the KSEBL is very close to target, there is no much room for improvement and most of the works proposed are for system improvement -like reconductoring, installation of ABC etc.

While reviewing the status it is learnt that Tripartite Agreement is signed between PFC (For GoI), GoK and KSEBL for implementation of RDSS project on 29/3/22. But till date no Agreement for execution is finalized with project management agencies for implementation of Infrastructure works for Loss reduction or Smart Metering. No steps are taken to effectively reduce the Govt subsidy burden and dues from Govt agencies which is an important pre-requisite for obtaining approvals. On the contrary the arrears has actually increased during past one year and if not effectively intervened is going to affect the approval of Grant.

This is an alarming situation as first FY's progress is likely to get severely affected and as approval of upcoming years grant is linked to performance of implementation. This indecisiveness from KSEBL is going to jeopardize the project and Grant from GoI which is very much required for the Organization in its present financially ailing situation.

We record our utmost concern on the state of affairs with implementation of RDSS project and urge top management and GoK to take Most Urgent steps to stream line decision making and implementation.

Exploring what went or what is going wrong will bring us to some corrections which need to be applied

When proposals were made there was no sufficient brainstorming, proposals were later cut short from 19000 crores to 3881 crores - and as a result many of the works were trimmed without technically evaluating whether such trimming will affect objective of that work. It is to be noted that without showing measurable system improvement in terms of objectives set, obtaining allocated grants from GoI could become quite difficult.

No task force was formed to complete RDSS project's requirements in a timely manner. Project proposals were demanded from section offices without any clarity on possible budget. Required technical brain storming, discussion and evaluation of proposals were not done and all proposals were consolidated and submitted which were not backed by any operational data.

For implementation, requirements such as preparation of a combined UG services layout drawing in coordination with other agencies such as PWD, KWA, BSNL, LSGDs were not foreseen or initiated. Proposed UG cables etc can't be installed without approval & coordination with these agencies. Even today, at the verge of awarding works on turnkey basis, no such preparatory work is done.

By current apportioning, works of similar nature are spread across all sections of the circle which may be commercially unattractive for contractor/prospective bidder and such small quantum of work spread over several sections may not yield desired results.

Inorder to streamline the scheme and bring back the project to leverage its benefits KSEBL is required to bestow urgent and serious attention to the project.

First and Foremost, implementation agencies need to be finalized within a fortnight on war foot basis. Along with it we need to constitute zone wise task force to complete works related to RDSS. An exclusive project team and project structure named "'RDSS" similar to Transgrid especially for "Smart Metering Project" shall be set up. RDSS total project outlay is nearing 12000 crore whereas Transgrid outlay was around 5000 crore only

Immediate steps are to be initiated to effectively reduce Govt dues and subsidies from KSEBLs account in time bound manner in concurrence with GoKWorks proposed under Infrastructure works shall be re-evaluated and only those works shall be selected which can show measurable results. Those works initially proposed and trimmed to fit into RDSS shall be re-evaluated and important infrastructure works for improving reliability shall be included in KSEBL Capital works under Dyuthi-2.

State-wide spread over implementation of Smart Meters may jeopardize results due to poor connectivity in rural remote areas. It is better to select Urban areas with relatively better infrastructure for Smart meter installation in the first phase and to effectively stabilise the hybrid technologies which can be used for communication.

Methodology for implementation shall be well documented and work-shops shall be conducted circle wise to make employees aware about the importance of timely completion and objectives which needs to be measured by implementation of set works. A User friendly interface software shall be made available to executing offices to track the projects so as to take timely corrective actions for effective Project Management.

We hope Management will take a serious note on our view point in RDSS implementation without any further delay.

## തീജ്ജ്വാല

# വിതരണത്തിനു തയ്യാറായി കേന്ദ്രം



***Er* എൻ.ടി. ജോബ്**

*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**വൈ**ദ്യുതി വിതരണ മേഖല ഒന്നിലധികം ലൈസൻസികൾക്ക് ഒരേ പ്രദേശത്ത് കൈകാര്യം ചെയ്യുവാനനുവദിക്കുന്ന വൈദ്യുതി നിയമ ഭേദഗതി പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനായി വെച്ചിരിയ്ക്കുകയാണ്. കമ്മിറ്റി തീരുമാനത്തിനുശേഷം പാർലമെന്റ് നിയമ ഭേദഗതി പാസാക്കുന്നതിനുള്ള നടപടികളിലേക്കു നീങ്ങും. ഇത്രയും നടപടികൾക്ക് ശീതകാല സമ്മേളനത്തിനിടയിൽ സമയം കിട്ടുവാൻ സാധ്യതകുറവായതുകൊണ്ട് മിക്കതും ബഡ്ജറ്റ് സമ്മേളനത്തിലാവും പാർലമെന്റിന്റെ മുന്നിലേക്കു തിരിച്ചുവിടുക. ഇത്രയും കാര്യങ്ങൾ വിതരണ മേഖലയ്ക്കു വേണ്ടി നടന്നുകൊണ്ടിരിക്കുമ്പോഴാണ് പ്രസരണരംഗത്തും കേന്ദ്രത്തിന്റെ പുതിയ നയപരിപാടികൾ പുറത്തുവന്നിരിക്കുന്നത്. പ്രസരണ രംഗത്തിനുവേണ്ടി കുറച്ചു മാർഗനിർദ്ദേശങ്ങളാണ് കേന്ദ്രം പുറപ്പെടുവിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പവർഗ്രിഡിനെക്കുറിച്ചാണ് കൂടുതലും പറയുന്നതെങ്കിലും സംസ്ഥാനത്തിനകത്തുള്ള ലൈനുകളുടെ കാര്യവും മാർഗനിർദ്ദേശങ്ങളിൽ പറയുന്നുണ്ട്. പച്ച മലയാളത്തിൽ പറഞ്ഞാൽ പ്രസരണ ലൈനുകൾ ഏതെങ്കിലും നല്ല കമ്പനികൾക്ക് പത്തോ പതിനഞ്ചോ വർഷത്തേക്കു കൈമാറുവാനും ആ കാലാവധിക്കുശേഷം തിരിച്ചേല്പിക്കുവാനുമാണ് നിർദ്ദേശം. ഇത്രയും നാൾ ഓപ്പറേഷനും മെയിന്റനൻസും നടത്തി ലൈനുകൾ പരിപാലിക്കണം ആവശ്യമുള്ളവർ ലൈൻ ട്രാൻസ്മിഷൻ നടത്തുന്നതിനുള്ള ചാർജ് പരിപാലനം ഏറ്റെടുക്കുന്ന കമ്പനിക്കു നൽകണം. ഈ മാർഗ നിർദ്ദേശങ്ങൾ പ്രസരണ ലൈനുകളുടെ ഉടമസ്ഥർക്കു തീരുമാനിക്കാം. വേണ്ടെങ്കിൽ വേണ്ടെന്നു വെയ്ക്കാം. ഇത്തരത്തിൽ നിലവിലുള്ള പ്രസരണ ലൈനുകൾക്ക് സ്വകാര്യ സംരംഭകർക്കു കൈമാറി ലഭിക്കുന്ന തുക പുതിയ ലൈനുകൾ നിർമ്മിക്കുന്നതിനു വേണ്ടി ഉപയോഗിക്കണം. അതായത് പുതിയതായുള്ള പ്രസരണ സംവിധാനത്തിന്റെ നിർമ്മാണത്തിനുള്ള പണം കണ്ടെത്തുവാൻ ഈ മാർഗം സ്വീകരിക്കാം.

വിതരണ മേഖലയുടെ കാര്യത്തിൽ പാർലമെന്റിൽ നിയമം തന്നെ കൊണ്ടുവന്നപ്പോൾ പ്രസരണ മേഖലയുടെ കാര്യത്തിൽ മാർഗനിർദ്ദേശങ്ങൾ മാത്രമാണ് പുറപ്പെടുവിച്ചിരിക്കുന്നത്. അതുപോലെ തന്നെ സംസ്ഥാനങ്ങൾക്ക് അവരുടെ ഇഷ്ടംപോലെ തീരുമാനമെടുക്കുവാനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനങ്ങൾ വെട്ടിലായി. എല്ലാ കാര്യത്തിനും കേന്ദ്രത്തിനെ കുറ്റം പറഞ്ഞു രക്ഷപ്പെടാമായിരുന്നു. പ്രസരണ മേഖലയുടെ കാര്യത്തിൽ അതിനു കഴിയാതെയായി. കുറെ നാൾക്കുമുമ്പ് വിതരണ മേഖല സ്വകാര്യവൽക്കരിക്കുന്നതിന് ഇതുപോലെ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം ഉത്തർപ്രദേശ് സർക്കാർ വിതരണ മേഖല കൈമാറുന്നതിന് ടെൻഡർ വിളിക്കുകയും

ചെയ്തു. എന്നാൽ ശക്തമായ സമരത്തെ തുടർന്ന് ആ നീക്കത്തിൽ നിന്നും ഉത്തർ പ്രദേശ് സർക്കാരിന് പിൻവലിയേണ്ടിവന്നു. ഈയിടെ പോണ്ടിച്ചേരി സർക്കാരും ആ പഴയ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് വിതരണ മേഖല കൈമാറുന്നതിന് ടെൻഡർ ക്ഷണിച്ചത്. എന്നാൽ അവിടെയും ശക്തമായ സമരം ഉണ്ടായതിനെ തുടർന്ന് അതിൽ നിന്നും പിന്നോക്കംപോയി. വൈദ്യുതി നിയമഭേദഗതി ലോകസഭ പാസ്സാക്കുവാനായി തയ്യാറായി നിൽക്കുമ്പോൾ പോണ്ടിച്ചേരി സർക്കാർ എന്തിനാണ് പഴയ മാർഗ്ഗനിർദ്ദേശങ്ങൾ തട്ടിക്കുടഞ്ഞെടുത്ത് ടെൻഡർ വിളിച്ചത് എന്ന് എല്ലാവർക്കും ഒരു ചോദ്യചിഹനമായി നിൽക്കുന്നുണ്ട്. അതിൽ നിന്നും ഒരു സന്ദേശം പുറത്തുവരുന്നത്, വൈദ്യുതി വിതരണ മേഖലയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന വൈദ്യുതി നിയമ ഭേദഗതി തൽക്കാലം കോൾഡ് സ്റ്റോറേജിൽ വെയ്ക്കുമെന്നാണ്. ഗുജറാത്ത്, ഹിമാചൽ പ്രദേശ് ഇലക്ഷനുകൾ ഈ വർഷവും; അടുത്തവർഷം ഇലക്ഷനുകളുടെ പരമ്പര തന്നെയും വരുന്നതുകൊണ്ട് നിയമ ഭേദഗതി പാസ്സാക്കില്ല എന്നും കണക്കാക്കാവുന്നതാണ്. അതുകൊണ്ടായിരിക്കാം പ്രസരണ മേഖലയുടെ കാര്യംവന്നപ്പോൾ സംസ്ഥാനങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ നടത്തിയാൽ മതിയെന്ന മട്ടിൽ നിഷ്കളങ്കമായ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. ആ മാർഗ്ഗനിർദ്ദേശങ്ങൾ അടുത്ത വർഷം ഇലക്ഷനുകൾ ഇല്ലാത്ത സംസ്ഥാനങ്ങളിൽ നടത്തിക്കോട്ടെ എന്ന ചിന്തയായിരിക്കും നിർദ്ദേശങ്ങൾ തയ്യാറാക്കിയവരുടെ മനസ്സി ലുള്ളത്. ഇന്ത്യയെ മൊത്തം ബാധിക്കുന്ന സമരങ്ങൾ ഒഴിവാക്കുകയും ചെയ്യാം എന്ന നയം അതിനു പിന്നിലുണ്ട്.

ഈ മാർഗനിർദ്ദേശങ്ങളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. പുതിയതായി പ്രസരണ ലൈനുകളും സബ് സ്റ്റേഷനും സ്ഥാപിക്കുവാൻ കേന്ദ്രം മുതൽമുടക്കുവാൻ ഉദ്ദേശിക്കുന്നില്ല. അതിനുള്ള പണം നിലവിലുള്ള സിസ്റ്റം കൈമാറി കണ്ടെത്തണം. അതിനുവേണ്ടി പ്രത്യേക കമ്പനി രൂപീകരിച്ച്, കൈമാറുവാൻ ഉദ്ദേശിക്കുന്ന പ്രസരണ സംവിധാനം ആ കമ്പനിയിലേക്കു മാറ്റണം. അതിനുശേഷം ടെൻഡർ വിളിച്ച് കൂടുതൽ തുകയ്ക്ക് ഏറ്റെടുക്കുവാൻ തയ്യാറുള്ള കമ്പനികൾക്കു കൈമാറണം. നിശ്ചിത വർഷത്തേക്കാണ് കൈമാറ്റം നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആ കാലാവധിക്കുശേഷം പ്രസരണ സംവിധാനം ഇതിനായി രൂപീകരിച്ച പ്രത്യേക കമ്പനിക്കു തന്നെ തിരിച്ചു നൽകണം. എല്ലാവർക്കും അറിയുന്നതു പോലെ കുറച്ചു വർഷം ആയ ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ഇപ്പോഴത്തെ ആസ്തിമൂല്യം ഓരോ വർഷത്തേയും തേയ്മാന ചെലവ് കഴിച്ച് വളരെ കുറവായിരിക്കും. അത്തരത്തിലുള്ള ആസ്തി മൂല്യം വെച്ചായിരിക്കും ലേലം വിളിക്കുന്നത്. അതുകൊണ്ട് ലേലത്തിൽ പങ്കെടുത്ത് ഏറ്റെടുക്കുന്ന കമ്പനിക്ക് വളരെ വിലക്കുറവിൽ പ്രസരണ സംവിധാനം ലഭിക്കുവാനുള്ള സാഹചര്യം നിലവിൽ വരും. പുതിയതായി നിർമ്മിച്ചെടുക്കുന്നതിനു വരുന്ന ഭാരിച്ച ചെലവിൽ നിന്നും ഒഴിവാക്കുകയും ചെയ്യാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു വരുമാന മാർഗ്ഗം അതോടെ കൈവിട്ടുപോകും. അങ്ങിനെ പ്രസരണ സംവിധാനം കൈമാറേണ്ടി വരുമ്പോൾ നിലവിൽ സംവിധാനം പരിപാലിക്കുന്നതിനുള്ള ജീവനക്കാരുടെ കാര്യത്തിൽ പ്രത്യേകിച്ച് ഒരു തീരുമാനവും മാർഗ നിർദ്ദേശങ്ങളിൽ പറഞ്ഞിട്ടില്ലെന്നതാണ് ജീവനക്കാരെ ആശങ്കപ്പെടുത്തുന്നത്. ഇതിന്റെ വ്യാപ്തി കൂടുതൽ മനസ്സിലാവുന്നതിന് ഇന്ത്യയിലെ പ്രസരണ സംവിധാനത്തിന്റെ സ്ഥിതി മനസ്സിലാക്കുന്നത് നന്നായിരിക്കും.

| | കേന്ദ്രം | സംസ്ഥാനം | JV/സ്വകാര്യം | ആകെ |
|---|---|---|---|---|
| 1. ± 800 kV HVDC | 9655 | - | - | 9655 |
| 2. ± 500 kV HVDC | 5948 | 1504 | 1980 | 9432 |
| 3. ± 320 kV HVDC | 288 | - | - | 288 |
| 4. 765 kV | 39516 | 2833 | 9374 | 51723 |
| 5. 400 kV | 108359 | 64078 | 23334 | 195771 |
| 6. 220 kV | 12760 | 181807 | 1049 | 195616 |

എല്ലാം കിലോമീറ്ററിൽ

എല്ലാത്തരം ലൈനുകളും കൂട്ടിച്ചേർത്താൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അനുപാതം താഴെപ്പറയുന്നതുപോലെയാണ്.

| | |
|---|---|
| കേന്ദ്രം | 176528 Km |
| സംസ്ഥാനം | 250222 Km |
| JV/ സ്വകാര്യസംരംഭം | 35737 Km |
| ആകെ | 462485 Km |

ഈ മൊത്തക്കണക്കിൽ നിന്നും സ്വകാര്യ സംരംഭകരുടെ കൈവശം നിലവിലുള്ളത് പത്തുശതമാനത്തിൽ തൈഴെയാണെന്നു മനസ്സിലാക്കാം. പുതിയ ലൈനുകൾ സ്ഥാപിക്കുവാൻ സ്വകാര്യ സംരംഭകർ കൂടുതലായി രംഗത്തു വരുന്നില്ലെന്നതു കാരണമാണ് കേന്ദ്രം നിലവിലുള്ള ലൈനുകൾ കൈമാറുന്നതിനുള്ള ചിന്തയിലേക്കു മാറിയിരിക്കുന്നത്. അല്ലെങ്കിൽ പൊതുമേഖല സ്ഥാപനങ്ങൾ പുതിയ ലൈനുകൾ സ്ഥാപിക്കാതെ പുതിയ ലൈനുകൾ സ്ഥാപിക്കുവാൻ സ്വകാര്യ സംരംഭകരെ ഏല്പിച്ചാൽ മതിയല്ലോ. സർക്കാർ മുതൽ മുടക്ക് കണ്ടെത്തേണ്ട കാര്യമില്ലല്ലോ. അപ്പോൾ അതിൽ നിന്നും വ്യക്തമാകുന്നത് സ്വകാര്യ സംരംഭകർക്കു വളരെ വിലക്കുറവിൽ ലൈനുകൾ ലഭിക്കണം. പുതിയ ലൈൻ നിർമ്മാണം ചെലവേറിയ കാര്യമായതുകൊണ്ട് പഴയ ലൈനുകൾ വിലക്കുറവിൽ കൈമാറണം എന്ന ദുഷ്ടലാക്ക് ഇതിനു പിന്നിലിലുണ്ടെന്ന് സംശയിക്കണം.

മുകളിലെ കണക്കുകൾ പ്രസരണ ലൈനുകളുടേതാണെങ്കിൽ അതിന്റെ തന്നെ ഭാഗമായ സബ്സ്റ്റേഷനുകളുടെ സ്ഥിതി എന്താണെന്നു നോക്കാം.

(എല്ലാം MVA കപ്പാസിറ്റിയിൽ)

| | കേന്ദ്രം | സംസ്ഥാനം | JV/സ്വകാര്യം | ആകെ |
|---|---|---|---|---|
| 1. ± 800 kV HVDC | 1800 | - | - | 1800 |
| 2. ± 500 kV MVDC | 9500 | 1500 | 2500 | 13500 |
| 3. ± 320 kV HVDC | 2000 | - | | - 2000 |
| 4. 765 kV | 222200 | 20500 | 20500 | 263200 |
| 5. 400 kV | 187955 | 197813 | 20850 | 406618 |
| 6. 220 kV | 11901 | 417286 | 1957 | 431144 |

ഈ രണ്ടു കണക്കിലുള്ള കേന്ദ്രം എന്നു സൂചിപ്പിക്കുന്നത് പവർ ഗ്രിഡ് കോർപ്പറേഷന്റെ കീഴിലുള്ള സംവിധാനങ്ങളാണ്. സംസ്ഥാനങ്ങളുടെ കീഴിൽ 220 kV ക്കു താഴെയുള്ള സംവിധാനങ്ങൾ ഈ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യവും ശ്രദ്ധിക്കണം. ഈ കണക്കുകളെല്ലാം ഊർജ്ജമന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ നിന്നു ലഭിച്ച കണക്കുകളാണ്. സബ് സ്റ്റേഷനുകളുടെ കാര്യത്തിൽ ആകെയുള്ള സ്ഥിതി താഴെ കാണുന്ന പട്ടികയിലേതുപോലെയാണ്.

| | |
|---|---|
| കേന്ദ്രം | 451556 MVA |
| സംസ്ഥാനം | 637099 MVA |
| JV/ സ്വകാര്യസംരംഭം | 45807 MVA |
| ആകെ | 1134462 MVA |

ഈ ആസ്തികൾക്ക് പുസ്തകത്തിലുള്ള ആസ്തിമൂല്യം വളരെ കുറവാണുണ്ടാകുക. എന്നാൽ ഇത്രയും ആസ്തികൾ നിർമിച്ചെടുക്കണമെങ്കിൽ ലക്ഷകണക്കിനു കോടി രൂപയുടെ മുതൽമുടക്കുവേണം. ഈ ഗൈഡ് ലൈൻ വരുന്നതിനുമുമ്പുതന്നെ പവർ ഗ്രിഡ് കോർപ്പറേഷന്റെ കൈവശമുള്ള നാലു ലൈനുകൾ ഏഴായിരത്തി എഴുന്നൂറുകോടി രൂപയ്ക്ക് സ്വകാര്യസംരംഭകർക്കു കൈമാറിയിരുന്നു. പവർഗ്രിഡ് കോർപ്പറേഷൻ കേന്ദ്ര

പൊതുമേഖല സ്ഥാപനമായതുകൊണ്ട് കേന്ദ്ര സർക്കാർ തീരുമാനിക്കുന്നതുപ്പോലെ നടക്കും.

നമ്മുടെ സംസ്ഥാനത്തേക്കു വന്നാൽ നമ്മുടെ പ്രസരണ മേഖലയിലെ ആസ്തികൾ ഉള്ളത് ഇപ്രകാരമാണ്.

പ്രസരണ ലൈനുകൾ കിലോമീറ്ററിൽ

| | ലൈൻ | സബ്സ്റ്റേഷൻ |
|---|---|---|
| 400 kV | 177 km | 1എണ്ണം |
| 220 kV | 3141.40 km | 27എണ്ണം |
| 110 kV | 50.30.86 km | 173 എണ്ണം |
| 66 kV | 2004.79 km | 60 എണ്ണം |
| 33 kV | 2108 km | 160 എണ്ണം |

ആകെ കപ്പാസിറ്റി : 21304.60 MVA. നമ്മൾ റെഗുലേറ്ററി കമ്മീഷന്റെ മുന്നിലവതരിപ്പിക്കുന്ന കണക്കുപ്രകാരം പ്രസരണ മേഖലയിലെ ഇപ്പോഴത്തെ ആസ്തിമൂല്യം 5473.32 കോടി രൂപയുടേതാണ്. അടുത്ത വർഷങ്ങളിൽ കണക്കുകൂട്ടിയിട്ടുള്ള മുതൽമുടക്കു നടത്തിയാൽ ആകെ ആസ്തി പതിനായിരം കോടി രൂപയുമാകും. നിലവിൽ പ്രസരണ സംവിധാനം പരിപാലിച്ചു നടത്തുന്നതിന് നാലായിരത്തി നാനൂറു പേരാണുള്ളത്. കെ.എസ്.ഇ. ബി.യിലെ ആകെ ജീവനക്കാരിൽ പന്ത്രണ്ടു ശതമാനമാണ് പ്രസരണരംഗത്ത് ജോലി ചെയ്യുന്നത്. എൺപത്തിമൂന്നു ശതമാനം പേരും ജോലി ചെയ്യുന്നത് വിതരണ മേഖലയിലാണ്. ജനറേഷൻ മേഖലയിൽ അഞ്ചു ശാതമാനവുമാണ്.

കേന്ദ്രത്തിലൊരു തീരുമാനം വന്നാൽ അത് കേരളത്തിൽ നടപ്പാക്കുവാൻ പത്തു വർഷത്തെ കാലയളവാണ് എടുക്കാറുള്ളത്. 1947 –ൽ വൈദ്യുതി ബോർഡ് നിയമം വന്നുവെങ്കിലും കേരളത്തിൽ അമ്പത്തിയേഴിലാണ് ഇലക്ട്രിസിറ്റി ബോർഡ് രൂപീകരിച്ചത്. രണ്ടായിരത്തി മൂന്നിൽ വൈദ്യുതി നിയമം വന്നുവെങ്കിലും കേരളത്തിൽ കമ്പനിയാക്കിയത് രണ്ടായിരത്തി പതിമൂന്നിലാണ്. ഇലക്ട്രിസിറ്റിയിൽ പറയുന്നതുപോലെ കറന്റും വോൾട്ടേജും തമ്മിൽ ഒരു ലാഗ് ഉണ്ടെന്നു വേണം കരുതാൻ. നിയ മവും നടപ്പാക്കലും തമ്മിലായതുകൊണ്ട് വിതരണ രംഗം വിവിധ ലൈസൻസികൾക്ക് തുറന്നുകൊടുക്കുന്നതായാലും പ്രസരണ മേഖല കൈമാറുന്നതായാലും പത്തുവർഷത്തെ സാവകാശം കിട്ടുമെന്നു വിചാരിയ്ക്കാം. ഇതിനിടയിൽ നിലവിലുള്ള വൈദ്യുതി ഉല്പാദന നിലയങ്ങൾ കൈമാറുന്നതിനുള്ള നിയമമോ നിർദ്ദേശമോ വരുമെന്നുതന്നെ വിചാരിക്കാം. ഉല്പാദന നിലയങ്ങളാണെങ്കിൽ ഇപ്പോഴത്തെ ആസ്തിമൂല്യം ആകെ അയ്യായിരം കോടി രൂപയിൽ താഴെയാണ്. പുതിയ വൈദ്യുതി നിലയം നിർമ്മിക്കുന്ന കണക്ക് പ്രകാരം ഒരു മെഗാവാട്ടിന് പത്തു കോടി രൂപ വെച്ച് അഞ്ഞൂറു മെഗാവാട്ടിനുള്ള പൈസമാത്രം. ചുരുക്കത്തിൽ അഞ്ഞൂറു മെഗാവാട്ടിന്റെ പൈസക്ക് രണ്ടായിരം മെഗാവാട്ട് സ്വകാര്യ സംരംഭകർ സ്വന്തമാക്കുവാനുള്ള നയങ്ങൾ പിറകെ വന്നുവെന്നുവരാം. പിന്നീട് വൈദ്യുതി മേഖല, പൊതു മേഖല എന്നൊന്നും പറയേണ്ടിവരില്ല. പഴയ സിനിമകളിൽ കാണുന്നതുപോലെ തറവാട്ടിലെ സ്വത്തുക്കളെടുത്ത് ബന്ധുക്കളോടുന്നതുപോലെ ജീവനക്കാർ ഓടേണ്ടി വരുമോയെന്ന് കാലം തെളിയിക്കുമെന്നു വിചാരിയ്ക്കാം. സ്വകാര്യ സംരംഭകർ മുതൽമുടക്കി പുതിയ സംരംഭങ്ങൾ തുടങ്ങിക്കൊള്ളട്ടെ, അതിന് മലയാളി മനസ്സ് ഇതിനകം പാകപ്പെട്ടു കഴിഞ്ഞു. എന്നാൽ നിലവിലുള്ള ആസ്തികൾ സ്വകാര്യ സംരംഭകർക്ക് കൈമാറുന്ന കാര്യത്തിൽ എതിർപ്പ് ശക്തമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

# വൈദ്യുതി നിയമ ഭേദഗതി - പ്രചരിപ്പിക്കപ്പെടുന്ന ശങ്കകളും ആശങ്കകളും : ഒരു വിലയിരുത്തൽ

(തുടർച്ച)



*Er സി.പി. ജോർജ്*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**വൈ**ദ്യുത നിയമ ഭേദഗതിയെ എതിർക്കുന്നവർ അതിന് പറയുന്ന ഒരു പ്രധാന കാരണം വിതരണമേഖലയിൽ പരിധികളും പക്ഷാഭേദവും ഇല്ലാത്ത ഓപ്പൺ ആക്സസ് (non-discriminatory open access) അനുവദിക്കാൻ 42-ാം വകുപ്പിന് ഭേദഗതി കൊണ്ടുവരുന്നത് ശരിയല്ല എന്നതും അത് സ്വകാര്യ കുത്തകകൾ കടന്നുവരാൻ കളമൊരുക്കും എന്നതുമാണ്.

എന്നാൽ ഇപ്പോൾ തന്നെ കുത്തകവൽക്കരിക്കപ്പെട്ടിരിക്കുന്ന (പൊതുമേഖലാ കുത്തകയോ സ്വകാര്യ മേഖലാ കുത്തകയോ എന്ന വ്യത്യാസം മാത്രം) വിതരണ മേഖലയിൽ പുതിയ ഒരു കമ്പനിയുടെകടന്നുവരവ് കുത്തക (monopoly) സാഹചര്യം പ്രയോഗികമായി ഇല്ലാതാക്കുകയല്ലേ ചെയ്യുക ?

വിതരണ ശൃംഖലയിൽ ഓപ്പൺ അക്സസ്സ് കൊടുക്കുന്നതിനെ ഇപ്പോൾ എതിർക്കുന്നവർ 2007 -ൽ വൈദ്യുത നിയമത്തിലെ 42-ാം വകുപ്പ് ഭേദഗതി ചെയ്ത് 1MW ന് മുകളിൽ ഉള്ള ഉപഭോക്താവിന് നിർബന്ധമായും ഓപപ്പൺ ആക്സസ്സ് അനുവദിക്കാൻ സാഹചര്യം ഉണ്ടാക്കിയപ്പോൾ അന്ന് പ്രതിഷേധിക്കാതിരുന്നത് എന്തുകൊണ്ടാണ് ? (2007 ഭേദഗതി നിയമത്തിലെ ബന്ധപ്പെട്ട 42-ാം വകുപ്പിന്റെ ഭേദഗതി സ്ക്രീൻ ഷോട്ട് കമന്റ് ബോക്സിൽ കാണുക) അന്ന് കേന്ദ്രം ഭരിച്ചത് ബി.ജെപി. സർക്കാർ ആയിരുന്നില്ലല്ലോ ? അന്നത്തെUPA സർക്കാരിനെപിൻതുണച്ചിരുന്ന ഇടതുപക്ഷം വൻകിടക്കാർക്ക് ഓപ്പൺ ആക്സസ്സ് കൊടുത്തപ്പോൾ എന്തുകൊണ്ട് പ്രതിഷേധിച്ചില്ല?! മാത്രവുമല്ല, കേരളത്തിൽ ഉപഭോക്താവിന് ഓപ്പൺ ആക്സസ്സ് കൊടുക്കാൻ LDF ഉം UDF ഉം KSEBL ലും KSERC യിലും സമ്മർദ്ദം ചെലുത്തുകയായിരുന്നുവല്ലോ !

രാജ്യത്തെ പല റഗുലേറ്ററി കമ്മീഷനുകളും നിലവിലെ ഉപഭോക്താവിന് ഓപ്പൺ ആക്സസ് അനുവദിക്കാൻ വിസമ്മതിച്ചപ്പോൾ KSERC നിയമപരമായ നടപടിക്രമങ്ങൾ പോലും പാലിക്കാതെ, interfacing meter പോലും സ്ഥാപിക്കാതെ നിലവിലെ ഉപഭോക്താക്കൾക്ക് ഓപ്പൺ അക്സസ്സ് അനുവദിച്ചപ്പോൾ എന്തേ KSEBL സംഘടനകൾ പ്രതിഷേധിക്കാതിരുന്നത് ?

അന്നും കുത്തകവിരുദ്ധത പറയുന്ന ഓഫീസർ സംഘടനയുടെ ഭാരവാഹികൾ തന്നെയായിരുന്നല്ലോ സ്ഥാപനത്തിന്റെ നയ തീരുമാനങ്ങളുടെ ആസ്ഥാന ഉപദേശക വിദ്വാന്മാരും കൊമേഴ്സ്യൽ വകുപ്പിന്റെ താക്കോൽ സ്ഥാനക്കാരും ! സ്വാർത്ഥ ലാഭത്തിന് വേണ്ടി അവസരവാദപരമായ ഏതു നിലപാടും സ്വീകരിക്കുന്ന ഇവർക്കൊക്കെ സ്ഥാപന നന്മയോ ജീവനക്കാരുടെ ജോലി സുരക്ഷയോ ഒന്നും ഒരു പ്രശ്നവുമല്ല എന്നതും രാഷ്ട്രീയ നിലപാടുകളിലൂടെ ഉണ്ടാക്കാവുന്ന സ്വാർത്ഥ നേട്ടങ്ങൾ മാത്രമാണ് ലക്ഷ്യമെന്നതും കണ്ണാടി പോലെ സുതാര്യമാണല്ലോ. കണ്ടാലുംപഠിക്കാത്ത കൊണ്ടാലും പഠിക്കാത്ത അടിമകളായ അണികൾ ഉള്ളിട

ത്തോളം ഈ സ്ഥിതിവിശേഷം തുടരുകതന്നെ ചെയ്യും. ഇവിടെ ഓപ്പൺ ആക്സസ്സ് അനുവദിച്ചപ്പോൾ ചട്ടപ്രകാരം നിഷ്കർഷിക്കുന്നതും സാങ്കേതികമായി അത്യാവശ്യവുമായ നടപടിക്രമങ്ങൾ പാലിക്കാതെ ഓപ്പൺ ആക്സസ്സ് അനുവദിക്കാൻ ആവില്ല എന്ന നിലപാടെടുത്ത എഞ്ചിനീയർമാരെ സൂപ്പാക്കാൻ ഈ സ്വകാര്യ- കുത്തക വിരുദ്ധരായ ആസ്ഥാന വിദ്വാന്മാർ മുന്നിലായിരുന്നുവെന്നതും അനുഭവിച്ചറിഞ്ഞ കാര്യമല്ലേ. അവസാനം KSERC യ്ക്ക് interfacing Meter താൽക്കാലികമായി ഒഴിവാക്കി (എന്നാൽ സമയപരിധിവച്ചുകൊണ്ട്) ഓപ്പൺ ആക്സിസ്സ് കൊടുക്കാൻ ഉത്തരവു തരേണ്ടിവന്നതും ചരിത്രം.

അന്നേരമൊക്കെ ഈ കുത്തക വിരുദ്ധരുടെ നിലപാട് എന്തായിരുന്നു ? ചുരുക്കിപ്പറഞ്ഞാൽ വൈദ്യുത നിയമ ഭേദഗതികൾ എതിർക്കുന്നവരുടെ നിലപാടുകൾക്ക് തുടർച്ചയോ സ്ഥിരതയോ വിശ്വാസ്യതയോ ഇല്ല. അത് തികച്ചും സ്വാർത്ഥലാഭത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയ സംഘടനാ നിലപാടുകളുടെ തുടർച്ച മാത്രമെന്നതാണ് നിരീക്ഷണം. അതായത് “വെടക്കാക്കി തനിക്കാക്കുക” എന്ന രീതിയാണ് ഇവിടെ പ്രയോഗിക്കപ്പെടുന്നത്.

ഭരണഘടനാ നടപടിക്രമങ്ങൾപ്രകാരവും വേണ്ട സുതാര്യതയോടെയും, വേണ്ട ചർച്ചകളോടെയും മേഖലയിലെ പേരുകേട്ട വിദ്ഗദ്ധരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തും അവരുടെ സഹകരണത്തോടെയും രൂപകൽപ്പന ചെയ്യുന്ന ഏതു നിയമങ്ങളെയും പദ്ധതികളെയും മനസ്സിലാക്കാതെയോ സ്വാർത്ഥ രാഷ്ട്രീയ താൽപര്യങ്ങളാലോ വ്യക്തി താൽപര്യങ്ങളാലോ എല്ലാം കൂടി ചേർന്നോ എതിർത്ത് തോൽപ്പിച്ച് മേഖലയിലെ പ്രവർത്തനങ്ങളെ വെടക്കാക്കി വഴിമുട്ടിച്ച ശേഷം വേണ്ട വൈദഗ്ദ്ധ്യമോ കാഴ്ചപ്പാടോ സാങ്കേതിക ജ്ഞാനമോ ഇല്ലാത്തവരും പാർട്ടി ലേബലിൽ സ്വാർത്ഥതപരത്തുന്ന, ബുദ്ധിജീവി ചമഞ്ഞു നടക്കുന്നവരുമായ ചിലരുടെ ഭ്രാന്തൻ ആശയങ്ങൾ യാതൊരു ജനാധിപത്യ മര്യാദകളും പാലിക്കാതെയും നിയമപരമായും ചട്ടപ്രകാരവുമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയും ചർച്ചകളില്ലാതെയും മേഖലയിലെ വിഷയ വിദഗ്ദ്ധരായഎഞ്ചിനീയർമാരോട് അഭിപ്രായം ചോദിയ്ക്കാതെയും അതിന് സാവകാശം കൊടുക്കാതെയും കാര്യങ്ങൾ എല്ലാം പാർട്ടി പോഷക സംഘടനാരഹസ്യമാക്കി വച്ച് ബലപൂർവ്വം KSEBL എന്ന സ്ഥാപനത്തിൽ നടപ്പാക്കുന്ന സമ്പ്രദായമാണ് കഴിഞ്ഞ 20 വർഷമായി ഇവിടെ കാണുന്നത്. എന്നിട്ട് അതിന്റെ തിക്തഫലങ്ങളെ മൂടിവെക്കാൻ Manage Information System ത്തെയും IT System ത്തെയും ഇഷ്ടക്കാരായ അടിമകളെ താക്കോൽ സ്ഥാനങ്ങളിൽ നിയമിച്ച് കൈയ്യടക്കി വച്ച് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കാതെ കാലാനുസൃത മാറ്റങ്ങളെ പ്രതിരോധിച്ച് പ്രവർത്തന വിവരങ്ങളിൽ മാനുഷികമായ ഇടപെടൽ നടത്തി കാര്യക്ഷമതയെ സംബന്ധിച്ച് മിഥ്യാബോധം പ്രചരിപ്പിക്കുന്നു. സ്വാഭാവികമായും ഇവർ സ്വതന്ത്രമായ, സുതാര്യമായ മാനുഷിക ഇടപെടൽ സാദ്ധ്യമല്ലാത്ത, സ്മാർട്ട് മീറ്റർ പദ്ധതിയെയും അതുപോലുള്ള നൂതന സാങ്കേതിക വിദ്യകളെയും എതിർക്കുക സ്വാഭാവികമാണ്. അതിനായി അവർ രാഷ്ട്രീയ തത്വശാസ്ത്രങ്ങളെയും ജോലി സുരക്ഷയെയും സ്വകാര്യവൽക്കരണത്തെയും കുത്തകവൽകരണത്തെയും എല്ലാം ഉപയോഗിച്ച് ജനങ്ങളിലും ജീവനക്കാരിലും ആശങ്കകൾ പരത്തിക്കൊണ്ടേയിരിക്കും. കാര്യങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ മിനക്കെടാത്ത സാധാരണക്കാരെ വൈദ്യുതിയുടെ വിലക്കയറ്റം പറഞ്ഞും ജീവനക്കാരെ ജോലി സുരക്ഷ പറഞ്ഞും ഇളക്കിവിടാൻ എളുപ്പമാണല്ലോ.

✵

# ഭരണഘടന എന്ന വിസ്മയം




*Er വിവേക് വി.എസ്.*

*അസിസ്റ്റന്റ്എഞ്ചിനീയർ*


**ഒരു** രാജ്യത്തിന്റെ ഏറ്റവും പരമോന്നത നിയമമാണ് ഭരണഘടന. ഒരു രാജ്യത്ത് ഏത് രീതിയിലുള്ള ഭരണക്രമം ഉണ്ടാവണം എന്നു ള്ളത് പറയുന്നത് ഭരണഘടനയാണ്. ഒരു രാജ്യത്തിന്റെ വ്യാപ്തി, അധികാര കേന്ദ്രങ്ങൾ. പ്രധാനപ്പെട്ട അധികാര സ്ഥാപനങ്ങൾ, ഗവൺമെന്റിന്റെ ഘടന തുടങ്ങിയവയൊക്കെ സാധാരണഗതിയിൽ ഒരു ഭരണഘടന വ്യക്ത മാക്കും.

ഒരു രാജ്യം എന്ത് നിയമം ഉണ്ടാക്കി യാലും ഭരണഘടനയിൽ സ്ഥിതിചെയ്യുന്ന തത്വങ്ങൾക്ക് അടിസ്ഥാനപ്പെടുത്തിയുള്ള തായിരിക്കണം. ഒരു കണക്കിന് പറഞ്ഞാൽ ഒരു രാജ്യത്തെ നിയമങ്ങളുടെ നിയമമാണ് ഭരണഘടന. ഭരിക്കുന്നവരുടെ അധികാരത്തെ നിയന്ത്രിക്കുക എന്നതാണ് ഏതൊരു ഭരണ ഘടനയുടെയും അടിസ്ഥാനതത്വം. ഭരണ ക്കാരെ നിയന്ത്രിക്കാനുള്ള ഒരു ബ്രേക്കാണ് ഭരണഘടന.

ലോകത്ത് പൊതുവേ രണ്ടുതരത്തിലാണ് ഭരണഘടനകളെ തരംതിരിച്ചിരിക്കുന്നത്. എഴുതപ്പെട്ട ഭരണഘടനയും എഴുതപ്പെടാത്ത ഭരണഘടനയും. ഭരണഘടന എത്ര എളുപ്പ ത്തിൽ ഭേദഗതി ചെയ്യാൻ കഴിയും എന്നതിന്റെ അടിസ്ഥാനത്തിൽ, ഭരണഘടനകളെ ഫ്ളെക് സിബിൾ, റിജിഡ് എന്നീ തരത്തിൽ തരംതിരി ച്ചിരിക്കന്നു. ലോകത്തിലെ ഏതെങ്കിലും ഒരു രാജ്യത്തിന്റെ ആദ്യത്തെ എഴുതപ്പെട്ട ഭരണ ഘടന യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക യുടേതാണ്. യുണൈറ്റഡ് കിങ്ഡം എന്ന ബ്രിട്ടന്റെ ഭരണഘടനയാണ് എഴുതപ്പെടാത്ത ഭരണഘടന... ആ രാജ്യത്ത് പൊതുവേയുള്ള വിശ്വാസങ്ങളും പാർലമെന്റ് പാസ്സാക്കിയ നിയമങ്ങളും കീഴ്‌വഴക്കങ്ങളും ഒക്കെ ആണ് ബ്രിട്ടന്റെ ഭരണ ഘടന. എന്നാൽ അമേരിക്ക ക്ക് എഴുതപ്പെട്ട ഭരണഘടനയാണ്. അതിന്റെ ഭേദഗതി വളരെയധികം ദുഷ്കരമാണ്. അമേരിക്കയുടെ രണ്ട് ഫെഡറൽ ഹൗസു കളിലും മൂന്നിൽ രണ്ട് ഭൂരിപക്ഷവും, മൊത്തം ഉള്ള 50 സ്റ്റേറ്റുകളിൽ $^3/_4$ലോ, $^1/_3$ ലോ, ഭൂരിപക്ഷം ഉണ്ടെങ്കിൽ മാത്രമേ അമേരിക്കൻ ഭരണ ഘടന ഭേദഗതി പ്രാബല്യത്തിൽ വരിക യുള്ളൂ.

**ഇന്ത്യൻ ഭരണഘടന - സവിശേഷതകൾ**

1. ക്രോഡീകരിക്കപ്പെട്ടതും അല്ലാത്തതുമായ ഭരണഘടനകൾ ഉണ്ട് എന്ന് മുൻപ് സൂചിപ്പി ച്ചല്ലോ. ക്രോഡീകരിച്ച ഭരണഘടനകളിൽ ഏറ്റവും ദൈർഘ്യമേറിയ ഭരണഘടനയാണ് ഇന്ത്യയുടേത്. 2022 ജൂലൈ ഏഴാം തീയതി അനുസരിച്ച്, ഭരണഘടനയിൽ 470 ആർട്ടിക്കിൾ ഉണ്ട്. (ആർട്ടിക്കിൾ എന്നാൽ ഒരു പാരഗ്രാഫ് എന്നർത്ഥം. ഒരു ചെറു നിയമം എന്നർത്ഥം.) ഇന്ത്യൻ ഭരണഘടനകൾ 22 അദ്ധ്യായങ്ങൾ ആയിട്ടാണ് തരം തിരിച്ചിരിക്കുന്നത്. മഹാഭാര തത്തിലെ അദ്ധ്യായത്തിന് പർവ്വം എന്നും രാമായണത്തിലെ അദ്ധ്യായത്തിന് കാണ്ഡ മെന്നും ഖുറാനിലെ അദ്ധ്യായത്തിന് സൂറ എന്നും പറയുന്നതുപോലെ, ഭരണഘടന യുടെ അദ്ധ്യായങ്ങൾക്ക് പറയുന്ന പേരാണ് പാർട്ട്.... ഭരണഘടനയിൽ ചില വിശദാംശ ങ്ങൾ പട്ടികയായി കൊടുത്തിരിക്കുന്നു....

ഭരണഘടനയിലെ ഇത്തരം പട്ടികകൾക്ക് പറയുന്ന പേരാണ് ഷെഡ്യൂൾ... അത്തരം പന്ത്രണ്ട് ഷെഡ്യൂളുകൾ ഭരണഘടനയിൽ ഉണ്ട്. ഭരണഘടന സമിതിയിൽ മൊത്തം വക്കീലന്മാരും രാഷ്ട്രീയക്കാരും തിങ്ങി നിറഞ്ഞതുകൊണ്ട്, വളരെ സാങ്കേതികമായ ഒരു ഭരണഘടനയാണ് ഇന്ത്യയുടേത്.. പറഞ്ഞു പോവുകയല്ല വിശദമായി തന്നെ പറയുന്നുണ്ട് എന്നർത്ഥം. കാര്യങ്ങൾ വ്യക്തമായി പറഞ്ഞില്ലെങ്കിൽ നമ്മൾ തോന്നുന്നത് പോലെ ചെയ്യുമെന്ന് സൃഷ്ടാക്കൾക്ക് അറിയാമായിരുന്നിരിക്കും...

2. ഭരണഘടന ഒരിക്കലും മാറാത്ത ഗ്രന്ഥമായി ഭരണഘടന സ്വയം കണക്കാക്കുന്നില്ല. ഭരണഘടന പരിഷ്കരിക്കണമെന്ന് ആഗ്രഹിച്ചവരാണ് ഭരണഘടന നിർമ്മാതാക്കൾ. മുൻപത്തെക്കുറിപ്പിൽ പറഞ്ഞ റിജിഡ് ഫ്ളക്സിബിൾ ഓർക്കുക. ഭരണഘടന പരിഷ്കരിക്കാൻ സാധ്യമാണ്. പരിഷ്കരിക്കേണ്ട വഴികൾ ആർട്ടിക്കിൾ 368 ൽ പറഞ്ഞിട്ടുണ്ട്. ഇന്ത്യൻ പാർലമെന്റിനാണ് ഭരണഘടന പരിഷ്കരിക്കാനുള്ള അവകാശം. ഗൗരവം അനുസരിച്ച് പരിഷ്കരിക്കേണ്ട രീതികളും ഭൂരിപക്ഷവും വ്യത്യസ്തമാണ് എന്ന് മാത്രം...

അതുകൊണ്ടുതന്നെ ഈ 72-ാം വർഷത്തിലും ഭരണഘടനയിൽ 105 പരിഷ്കാരങ്ങൾ വന്നിട്ടുണ്ട്... അതായത് ഭരണ ഘടന ജീവിച്ചിരിക്കുന്ന ഒരു ഗ്രന്ഥമാണ് എന്നർത്ഥം ... കാലാനുസൃതമായി കൊള്ളേണ്ടത് കൊള്ളും തള്ളേണ്ടത് തള്ളും. എങ്കിലും 1973 ലെ സുപ്രധാനമായ കേശവാനന്ദ ഭാരതി കേരള സർക്കാരുമായുള്ള ഒരു കേസിൽ ഇന്ത്യൻ പാർലമെന്റിന്റെ ഭരണഘടന പരിഷ്കരിക്കാനുള്ള അവകാശം സുപ്രീം കോടതി വെട്ടിച്ചുരുക്കി....ഭരണഘടനയുടെ അടിസ്ഥാന സ്വഭാവം മാറ്റാവുന്ന ഭരണഘടന ഭേദഗതികൾ ഇനി സാധ്യമല്ല... എന്താണ് അടിസ്ഥാന സ്വഭാവം എന്ന് തീരുമാനിക്കേണ്ടത് സുപ്രീം കോടതിയാണ്... ഭരണഘടനയുടെ ബേസിക് സ്ട്രക്ചർ മാറ്റാൻ പാർലമെന്റിന് കഴിയില്ല എന്നാണ് ഈ വിധി.

പാർലമെന്റിന്റെ നിയമ നിർമ്മാണ അധികാരത്തിന് സുപ്രീം കോടതിയുടെ ഈ ടെസ്റ്റിന് വിധേയമാണ്. ഭരണഘടനയുടെ ബേസിക് സ്ട്രക്ചർ മാറ്റുന്നുണ്ടോ എന്നുള്ളതാണ് ഈ ടെസ്റ്റ്. അതുകൊണ്ടുതന്നെ പാർലമെന്റുകളിൽ പാസായാൽ മാത്രം പോരാ, സുപ്രീംകോടതിയുടെ ടെസ്റ്റ് വിജയിച്ചാൽ മാത്രമേ ഏതൊരു നിയമത്തിനും ഭരണഘടന ഭേദഗതിക്കും ഇന്ത്യയിൽ നിലനിൽക്കാൻ സാധിക്കുകയുള്ളു. ജുഡീഷ്യറിയുടെ ഈ അധികാരത്തിന്റെ പേരിലാണ് ജുഡീഷ്യൽ റിവ്യൂ. ക്രിക്കറ്റിൽ തേർഡ് അമ്പയർ ഇന്റർ റിവ്യുപോലെ സുപ്രീംകോടതിയാണ് ഭരണഘടനയുടെ കാര്യത്തിൽ നമ്മുടെ നാട്ടിലെ തേർഡ് അമ്പയർ...

ഇന്ത്യൻ ഭരണഘടന ഇന്ത്യയെ ഒരു യൂണിയൻ ഓഫ് സ്റ്റേറ്റ്സ് ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതായത് രണ്ട് (ഇപ്പോൾ മൂന്ന്) തലത്തിൽ ഇന്ത്യയിൽ ഭരണം ഉണ്ട് എന്നർത്ഥം. അതായത് ഇന്ത്യയിൽ ഒരു കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും ഉണ്ട്. എല്ലാവർക്കും സാമാന്യമായി അറിയുന്ന കാര്യം. ഇതുമായി ബന്ധപ്പെട്ട ഒന്ന് രണ്ട് പദങ്ങൾ പരിചയപ്പെടുത്താം. ഇത് ഇന്ത്യൻ ഭരണഘടനയുമായുംഇന്ത്യയുമായും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നും പറയാം.

ലോകത്ത് പല രാജ്യങ്ങളിൽ പലതരത്തിലുള്ള ഭരണസംവിധാനമാണ് ഉള്ളത്.. ചിലരാജ്യങ്ങളിൽ ഒരൊറ്റ ഗവൺമെന്റ് മാത്രമേ ഉണ്ടാവുകയുള്ളു. ചില രാജ്യങ്ങളിൽ വിവിധ തലത്തിൽ ഗവൺമെന്റ് ഉണ്ടാകും. വിവിധ തലങ്ങളിൽ ഗവൺമെന്റ് ഉണ്ടാകുന്ന അവസ്ഥയിൽ (അതായത് സംസ്ഥാനങ്ങളും രാജ്യവും എന്ന രീതിയിൽ നിലനിൽക്കുന്ന രാജ്യങ്ങൾ)

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ചിരിക്കുന്നു. ഇവ തികച്ചും സാങ്കേതിക മായ പദങ്ങളാണ് മറ്റൊന്നിനു പകരം ഉപയോഗിക്കാൻ പാടില്ല. അർത്ഥങ്ങൾ തമ്മിൽ ഗൗരവപരമായ വ്യത്യാസങ്ങളുണ്ട്. (ആനയും ചേനയും പോലുള്ള വ്യത്യാസം) അവ എന്തൊക്കെയാണെന്ന് നോക്കാം.

**1. യൂണിറ്ററി സ്റ്റേറ്റ് (unitory state)**

ഒരൊറ്റ ഗവർമെന്റ്, കേന്ദ്രവും സംസ്ഥാനവും ഒന്നുമില്ല. മിക്ക അധികാരങ്ങളും ഒരു ഗവൺമെന്റിലാണ്. ഒരു പൗരത്വം ഒരു ഭരണഘടന. ഒരു നിയമനിർമ്മാണ സഭ. ഉദാ:ഗ്രേറ്റ് ബ്രിട്ടൻ, ആഫ്രിക്കൻ രാജ്യങ്ങൾ, മിക്ക യൂറോപ്യൻ രാജ്യങ്ങൾ...

**2. ഫെഡറേഷൻ (Cedaralism.. Federation)**

രാജ്യത്ത് വിവിധ തലങ്ങളിലുള്ള ഗവർമെന്റ് ഉണ്ടാകും. തലങ്ങളിലുള്ള ഗവർമെന്റ് ഉണ്ടായാൽ ഫെഡറേഷൻ ആവില്ല. ചില കാര്യങ്ങൾ നിർബന്ധമായും ഉണ്ടായി രിക്കണം.

1. സംസ്ഥാനങ്ങൾ തമ്മിൽ എഗ്രിമെന്റ് ഉണ്ടാക്കിയാണ് കേന്ദ്രം ഉണ്ടാക്കുന്നത്.
2. പരമാധികാരം കേന്ദ്രവും സംസ്ഥാനവും തമ്മിൽ പങ്ക് വെക്കും. (??) പരമാധികാരം എന്താണ് എന്നുള്ളതിനെക്കുറിച്ച് ഒരു പോസ്റ്റ് ഇടുന്നുണ്ട്.
3. സംസ്ഥാനങ്ങളുടെ ഘടന നശിപ്പിക്കാൻ സാധ്യമല്ല.
4. സംസ്ഥാനങ്ങൾക്ക് വേണമെങ്കിൽ കേന്ദ്രം വിട്ടുപോകാം (ധൈര്യം ഉണ്ടെ ങ്കിൽ ഇവിടെ വേറെ രാജ്യമായിട്ട് പോലും പോകാം).
5. സംസ്ഥാനങ്ങൾക്കും പ്രത്യേക ഭരണ ഘടന പതാക പൗരത്വം.
6. എഴുതപ്പെട്ട ഭരണഘടന....
7. ഭരണഘടനയിൽ സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിലുമുള്ള അധികാരങ്ങൾ എന്താണെന്ന് നിർവചിച്ചിട്ടുണ്ടായി രിക്കും. അങ്ങനെ നിർവചിക്കാത്ത മിച്ച അധികാരങ്ങൾ സംസ്ഥാനങ്ങക്കാണ് ഇതിൽപെട്ടതും പെടാത്തതുമായ കാര്യ ങ്ങൾ ഉണ്ടാവും.. എങ്കിലും ആദ്യത്തെ മൂന്നു കാര്യങ്ങൾ നിർബന്ധമാണ്. ഇന്ത്യൻ ഒരു കാരണവശാലും ഫെഡറൽ രാജ്യമല്ല. യാതൊരു സംശയവും വേണ്ട.... ഭരണഘടനയിൽ അങ്ങനെ ഒരു വാക്ക് പോലും ഉപയോഗിക്കുന്നില്ല. മുൻപ് സൂചിപ്പിച്ചതുപോലെ വക്കീലന്മാ രുടെ ഭരണഘടന ആയതുകൊണ്ട് അവർക്ക് അറിയാഞ്ഞിട്ടല്ല, ബോധ പൂർവ്വം ഉപയോഗിക്കാത്തതാണ്

**3. കോൺഫെഡറേഷൻ** (Conferderation)

1. പരമാധികാരം ഉള്ള രാജ്യങ്ങളുടെ ഒരു ഗ്രൂപ്പാണ് കോൺഫെഡറേഷൻ
2. ചിലപ്പോൾ രാജ്യത്തെ പോലെ പെരു മാറും

ഉദാ : സോവിയറ്റ് യൂണിയൻ, യൂറോപ്പ്യൻ യൂണിയൻ, ബെൽജിയം അങ്ങനെയാ ണെന്ന് പറയപ്പെടുന്നു...

**4. യൂണിയൻ ഓഫ് സ്റ്റേറ്റ്സ്**

1. ഭരണപരമായ സൗകര്യങ്ങൾക്ക് ഒരു വലിയ രാജ്യത്തെ ചെറുഘടകങ്ങളായ സ്റ്റേറ്റുകളായി ഡിവൈഡ് ചെയ്തിരി ക്കുന്നു.
2. കേന്ദ്രം വിട്ടുപോകുന്നതിനെക്കുറിച്ച് സ്വപ്നം പോലും സംസ്ഥാനങ്ങൾക്ക് വേണ്ട.....
3. സ്റ്റേറ്റുകളുടെ എഗ്രിമെന്റ് പ്രകാരമല്ല കേന്ദ്രമുണ്ടായത്, മറിച്ച് കേന്ദ്രം ഒരു സൗകര്യത്തിന് സ്റ്റേറ്റുകളെ ഉണ്ടാക്കിയ താണ്.
4. പരമാധികാരം രാജ്യത്തിന് മാത്രം.

5. എപ്പോൾ വേണമെങ്കിലും മാറ്റിമറിക്കാവുന്ന അസ്തിത്വം നഷ്ടപ്പെടുത്താവുന്ന ഒരു സാധനമാണ് സ്റ്റേറ്റ്. ഭരണഘടനയുടെ ഒരു സാധാരണ ഭേദഗതി മതി...

6. സംസ്ഥാനങ്ങൾക്ക് പൗരത്വമോ പതാകയോ ഭരണഘടനയോ ഒന്നും ഉണ്ടാവില്ല....

7. ഭരണഘടനയിൽ സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിലുമുള്ള അധികാരങ്ങൾ എന്താണെന്ന് നിർവചിട്ടുണ്ടായിരിക്കും. അങ്ങനെ നിർവചിക്കാത്ത മിച്ച അധികാരങ്ങൾ കേന്ദ്രത്തിന് യൂണിയൻ ഓഫ് സ്റ്റേറ്റ്സും,ഫീഡിരിയേഷണും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം, സൗകര്യത്തിനുവേണ്ടിറ്റേുകൾ രാജ്യം ഉണ്ടാക്കി യതാണ് ഫെഡറലിസം എങ്കിൽ സൗകര്യത്തിനുവേണ്ടി സ്റ്റേറ്റുകൾ രാജ്യം ഉണ്ടാക്കിയതാണ് യൂണിയൻ ഓഫ് സ്റ്റേറ്റസ്... വലിയ ഗൗരവപരമായ വ്യത്യാസം

ഉദാഹരണം ഇന്ത്യ...

ഇന്ത്യയെക്കുറിച്ച് അർദ്ധ ഫെഡറൽ രാജ്യം എന്നാണ് കേ സി വെയർ എന്ന പൊളിറ്റിക്കൽ സൈന്റിസ്റ്റ് പറഞ്ഞത്...

പിൻകുറിപ്പ് : ഇന്ത്യ ഉൾപ്പെടെയുള്ള യൂണിയൻ ഓഫ് സ്റ്റേറ്റ് ആയാലും, അമേരിക്ക ഉൾപ്പെടെയുള്ള ഫെഡറേഷൻ ആയാലും, കണ്ട് വരുന്ന പ്രവണത ഒരു യൂണിറ്ററി രാജ്യം എന്ന രീതിയിൽ പ്രവർത്തിക്കാനാണ്.

**മതേതര രാജ്യം (secular state)**

1949 ഇറങ്ങിയ ഇന്ത്യൻ ഭരണഘടനയിൽ മതേതര രാജ്യം എന്ന പ്രസ്താവന ഉണ്ടായിരുന്നില്ല. 1976 ലെ 42-ാമത് ഭരണഘടന ഭേദഗതിയിലാണ് ഇന്ത്യ ഒരു മതേതര രാജ്യം എന്ന് എഴുതി ചേർത്തത്. ഇന്ത്യയിൽ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട വാക്കാണ് സെക്കുലറിസം... അതുകൊണ്ടുതന്നെ ലോക വ്യാപകമായി ഉപയോഗിക്കുന്ന അർത്ഥത്തിലല്ല ഇന്ത്യയിൽ സെക്യുലസം എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നത് അപ്പോൾ എന്താണെന്ന് നോക്കാം.. പണ്ടുകാലത്ത് രാജ്യം ഭരിച്ചിരിക്കുന്നത് രാജാക്കന്മാർ ആണെന്ന് അറിയാമല്ലോ... രാജാവിന് എവിടെ നിന്നാണ് ഇതിനുള്ള അധികാരം അല്ലെങ്കിൽ അവകാശം എന്ന ചോദ്യത്തിനുള്ള ഉത്തരമായി അന്ന് മതം കൊടുത്ത മറുപടി ദൈവത്തിന്റെ കയ്യിൽ നിന്നും എന്നതായിരുന്നു. ഈ കൺസെപ്റ്റ് പറയുന്ന പേരാണ് ഡിവൈൻ റൈറ്റ്സ് ഓഫ് കിങ്സ്. അങ്ങനെ മതവും രാജ്യവും തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉണ്ടായിരുന്നു. മതത്തിന്റെ കെയറോഫിൽ ആയിരുന്നു രാജാവിന്റെ അധികാരം ഉറപ്പിച്ചിരുന്നത്. പതിയെ പതിയെ രാജ്യത്തിന്റെ അഥവാ സ്റ്റേറ്റിന്റെ നെഞ്ചത്ത് കയറി മതം തിരുവാതിര കളിക്കാൻ തുടങ്ങി. പിന്നെ ജനങ്ങളും തുടങ്ങി. രണ്ട് പക്ഷവും കരുത്തരായിരുന്നു. അടിയും തിരിച്ചടിയുമായി ഒരുപാട് കാലം. മതം മതത്തിന്റെ കാര്യം നോക്കിയാൽ മതി രാജ്യത്തിന്റെ കാര്യം ഭരിക്കുന്നവർ നോക്കും എന്ന ഒരു സമവായത്തിൽ പതിയെ കാര്യങ്ങൾ എത്തി. ഇതാണ് മതേതരത്വത്തിന്റെ അടിസ്ഥാനം. യൂറോപ്പിൽ സംഭവിച്ച കാര്യം ആണെങ്കിലും, ഇതുപോലുള്ള ഒരു കാര്യം എനിക്ക് ഇന്ത്യൻ ചരിത്രത്തിലും കാണാൻ കഴിഞ്ഞിട്ടുണ്ട് ഗിയാസുദിൻ ബാൽബൻ എന്ന സുൽത്താന്റെ ചില പ്രവർത്തികൾ ഇതുപോലെയാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്...

മതവും ഭരണകൂടവും തമ്മിലുള്ള പരസ്പര കാര്യങ്ങളിൽ ഇടപെടാതിരിക്കാൻ ആണ് മതേതരത്വം.... എങ്കിലും ശക്തി കൂടുതലുള്ള വിഭാഗം മറ്റെ വിഭാഗത്തിന്റെ തലയിൽ കയറിക്കൊണ്ടിരുന്നു. ഇപ്പോഴും ഇരിക്കുന്നു. ഫ്രാൻസിലൊക്കെ മതവും ആയിട്ടുള്ള യുദ്ധം ആയിട്ടാണ് മതേതരത്വത്തെ

കാണുന്നത്. അതിന്റെ യഥാർത്ഥ അർത്ഥവും അത് തന്നെയാണ് എന്നാണ് എനിക്ക് തോന്നിയത്. എന്നാൽ ഇന്ത്യയിൽ മതേതരത്വം എന്നുപറഞ്ഞാൽ എല്ലാ മതങ്ങളെയും ഒരുപോലെ പരിഗണിക്കൽ എന്നതാണ്. എല്ലാ ഇന്ത്യക്കാർക്കും അവരവർക്ക് ഇഷ്ടമുള്ള മതങ്ങളിൽ വിശ്വസിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവകാശം ഇന്ത്യയിലുണ്ട്. മതത്തിന്റെ പേരിൽ ഇന്ത്യയിൽ വിവേചനം പാടില്ല. എല്ലാം മതങ്ങൾക്കും സ്വന്തം കാര്യം നോക്കാനുള്ള അവകാശം. സാധാരണ പൗരന്മാർക്ക് ഏതെങ്കിലും മതത്തിന് വേണ്ടിയുള്ള നികുതി കൊടുക്കാതിരിക്കാനുള്ള അവകാശം. ന്യൂനപക്ഷങ്ങൾക്ക് അവർ ആഗ്രഹിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശം മതത്തിന്റെ അടിസ്ഥാനത്തിൽ അല്ലാത്ത തിരഞ്ഞെടുപ്പ്.. പാക്കിസ്ഥാനിലൊക്കെ ഹിന്ദുകൾക്ക് മൊത്തം ഒരുമിച്ച് വോട്ട് ചെയ്തു എംപിയെ ജയിപ്പിക്കാൻ കഴിയും... ബ്രിട്ടീഷ്കാരൻ കൊണ്ടുവന്ന കമ്യൂണൽ റപ്രസന്റേഷൻ എന്ന ആശയം.

ഇന്ത്യയിൽ ഇക്കാര്യം നടപ്പില്ല. ഇന്ത്യക്കാർ പോളിങ്ങ് ബൂത്തിൽ പോകുന്നത് ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും ആയിട്ടല്ല. ഇന്ത്യക്കാരൻ ആയിട്ടാണ്. അങ്ങനെയാണ് ഭരണഘടന പറയുന്നത്. നമ്മുടെ ചിന്തകളിലും അത് വേണം.

**ഇന്ത്യയിലെ അടിയന്തരാവസ്ഥ (Emergency)**

അതിപ്രശസ്തമായ തമിഴ് സിനിമയായ അന്യനിൽ, ചില പ്രത്യേക സാഹചര്യങ്ങളിൽ നായകന്റെ സ്വഭാവം റൊമാന്റിക് ഹീറോയിൽ നിന്നും, കർക്കശനായ വ്യക്തിയായി മാറും... ഏകദേശം ഇതിനോട് ഉപമിക്കാവുന്ന കാര്യമാണ് രാജ്യത്തെ അടിയന്തരാവസ്ഥ. ഭാരതത്തെ സോഫ്റ്റ് സ്റ്റേറ്റ് ആയിട്ടാണ് കണക്കാക്കുന്നത്. സോഫ്റ്റ് സ്റ്റേറ്റ് എന്നുവച്ചാൽ പൗരന്മാരുടെയും മറ്റു രാജ്യങ്ങളിലും കാര്യങ്ങളിൽ അനാവശ്യ ഇടപെടലുകൾ ഒന്നും നടത്താതെ പരമാവധി സ്വതന്ത്ര്യവും ജനാധിപത്യവും സൗഹൃദവും ഒക്കെ കാത്തു സൂക്ഷിക്കുന്ന രാജ്യം.

രാജ്യത്തിന്റെ മറ്റൊരു പ്രത്യേകതയാണ് ഭരണഘടനാപരമായ മൗലികാവകാശങ്ങൾ. എന്നാൽ ഇത്രയും സൗമ്യമായ രാജ്യം ചില പ്രത്യേക ഘട്ടങ്ങളിൽ കർക്കശമായി പെരുമാറും അങ്ങനെ പെരുമാറുന്ന സന്ദർഭ ങ്ങളാണ് അടിയാന്തരാവസ്ഥകൾ....

അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു കഴിഞ്ഞാൽ, ഇന്ത്യൻ സ്റ്റേറ്റ്, സാധാരണ പെരുമാറുന്ന പോലെയല്ല പെരുമാറുക. ഭരണഘടനാപരമായ പല മൗലിക അവകാശങ്ങളും സസ്പെൻഡ് ചെയ്യപ്പെടും... രാജ്യം ഏതെങ്കിലും ഭരണഘടനപരമായോ ഭരണപരമായോ സുരക്ഷാപരം ആയോ, സാമ്പത്തികപരമായ പ്രതിസന്ധി നേരിടുന്ന സമയത്താണ് ഈ വജ്രായുധം ഉപയോഗപ്പെടുത്തുന്നത് ഇന്ത്യൻ ഭരണഘടനയിൽ, രാജ്യത്ത് മൂന്ന് തരത്തിലുള്ള അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള വകുപ്പുണ്ട്. പേര് സൂചിപ്പിക്കുന്നതുപോലെ, നിവൃത്തിയില്ലാതെ ചെയ്യുന്ന ഒരു താൽക്കാലിക സംവിധാനം. ഇന്ത്യൻ റിപ്പബ്ലിക്കിനെ സംരക്ഷിക്കാനും, ഇന്ത്യയുടെ ജനാധിപത്യവും ദേശീയ സുരക്ഷയും, അഖണ്ഡതയും, ഐക്യവും, ഒക്കെ പ്രതിസന്ധിയിൽ ആകുന്ന സമയത്ത് അവയെ സംരക്ഷിക്കാൻ പ്രയോഗിക്കുന്ന ബ്രഹ്മാസ്ത്രമാണ് അടിയന്തരാവസ്ഥ. അവ ഏതൊക്കെയാണെന്ന് നമുക്ക് നോക്കാം.

1. 360 വകുപ്പ് പ്രകാരം ഉള്ള സാമ്പത്തിക അടിയന്താരവസ്ഥ. ഇന്ത്യയിൽ ഇതുവരെ പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി അപകടത്തിൽ ആവുന്ന സമയത്ത് പ്രയോഗിക്കാനുള്ള വകുപ്പ്. ഇത് ഭാരത ത്തിന്റെ മൊത്തമായോ ഏതെങ്കിലും പ്രത്യേകഭാഗത്തിനുമാത്രമായോ പ്രയോഗിക്കാം... ഇത് പ്രയോഗിച്ചുകഴിഞ്ഞാൽ.

1. ഉദ്യോഗസ്ഥരുടെ ശമ്പളം വെട്ടികുറയ്ക്കാം.

2. നിയമസഭകൾ പാസ്സാക്കിയ എല്ലാ മണി ബിൽ തടഞ്ഞ് വെക്കാം. മറ്റൊരു കാര്യമാണ് രസകരം. ജുഡീഷ്യറി പോലുള്ള ചില സ്ഥാപനങ്ങളുടെ ജഡ്ജിമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ശമ്പളം സാധാരണ ഗതിയിൽ പാർലമെന്റ് പാസ്സാക്കുന്നതല്ല. മറിച്ച് അവ കൺസോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യയിൽ നിന്ന് ചാർജ് ചെയ്യപ്പെടുന്നതാണ്. തീർച്ചയായും കൊടുക്കേണ്ട പണം എന്നർത്ഥം. പാർലമെന്റിന് കൺട്രോൾ ഇല്ലാത്ത പണം. ജുഡീഷ്യറിയുടെ സ്വതന്ത്രനായ നിലനിൽപ്പിനു വേണ്ടിയാണ് ഇങ്ങനെ ഒരു സംവിധാനം ഉള്ളത്. സുപ്രീം കോടതി ഹൈക്കോടതി ജഡ്ജിമാരുടെ ശമ്പളം ഒന്നും വെട്ടക്കുറയ്ക്കാൻ നിയമസഭകൾക്കോ പാർലമെന്റിനോ ഒന്നും അവകാശമില്ല. എന്നാൽ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു കഴിഞ്ഞാൽ ഇത് സാധ്യമാണ്. ഇതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായി എനിക്ക് തോന്നിയത്... ഈ അടിയന്തരാവസ്ഥ ഇന്ത്യയിൽ ഒരിക്കലും പ്രഖ്യാപിക്കപ്പെട്ടിട്ടില്ല.

2. വകുപ്പ് 356 പ്രകാരമുള്ള അടിയന്ത രാവസ്ഥ, (സംസ്ഥാനങ്ങളിലെ രാഷ്ട്രപതി ഭരണം) സംസ്ഥാനങ്ങളിലെ ഭരണഘടന സംവിധാനം തകരാറിൽ ആവുകയോ, നിയമസഭകളിൽ ഭൂരിപക്ഷം നഷ്ടപ്പെട്ട് സംസ്ഥാന ഭരണം പ്രതിസന്ധിയിലാവുകയോ ചെയ്യുന്ന സമയത്ത്.

വകുപ്പ് 365 പ്രകാരം കേന്ദ്രസർക്കാർ നൽകുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾ ഭരണ ഘടനാപരമായി പാലിക്കാൻ വ്യവസ്ഥയുള്ള സംസ്ഥാനങ്ങൾ പാലിക്കാതിരുന്നാൽ സംസ്ഥാന സർക്കാരിനെ പിരിച്ചുവിടാനും അഥവാ നിയമസഭകളെ സസ്പെൻഡ് ചെയ്യുവാനോ പിരിച്ചുവിടാനോ കേന്ദ്രത്തിന് കഴിയും. 1999 നു മുൻപ് പ്രതിപക്ഷ സംസ്ഥാന ഗവൺമെന്റുകളെ രാഷ്ട്രീയമായി ലക്ഷ്യം വെച്ചുകൊണ്ട് വ്യാപകമായി ഉപയോഗിക്കപ്പെട്ട വകുപ്പുകൾ.

3. ദേശീയ അടിയന്തരാവസ്ഥ വകുപ്പ് 352 പ്രകാരം

രാജ്യം ഏതെങ്കിലും യുദ്ധത്തിൽ ഏർപ്പെടുന്ന സമയത്ത്, രാജ്യത്ത് സായുധ വിപ്ലവം ഉണ്ടായാൽ.. അത്തരം അവസരങ്ങളിൽ പ്രയോഗിക്കുന്ന വകുപ്പ് ആണ് ഇത്. അടിയന്തരാവസ്ഥ സമയത്ത് കേന്ദ്രം അഭൂതപൂർവ്വമായി ശക്തി പ്രാപിക്കുകയും, സംസ്ഥാനങ്ങളുടെ അധികാരം തുലോം ചുരുങ്ങുകയും ചെയ്യും. മൗലിക അവകാശങ്ങളുടെ താൽക്കാലിക നിയന്ത്ര ങ്ങളാണ് അടിയന്തരാവസ്ഥയുടെ ഏറ്റവും വലിയ പ്രത്യേകത 19 പ്രകാരമുള്ള അഭിപ്രായ സ്വാതന്ത്ര്യം തനിയെ സസ്പെന്റ് ആകും. അടിയന്തരാവസ്ഥ സമയത്ത് 359 വകുപ്പ് പ്രകാരം മറ്റുള്ള മൗലികാവകാശങ്ങളിലും താൽക്കാലികമായ നിയന്ത്രങ്ങൾ കൊണ്ടുവരാം.....

അടിയന്തരാവസ്ഥക്കാലത്തും ഭരണഘടന സംരക്ഷണം ലഭിക്കുന്ന രണ്ട് മൗലിക അവകാശങ്ങൾ ഉണ്ട്.

1. 20 പ്രകാരമുള്ള, അന്യായമായ ശിക്ഷകളിൽ നിന്നുള്ള സംരക്ഷണം
2. 21 പ്രകാരമുള്ള ജീവിക്കാനുള്ള സ്വാതന്ത്ര്യം.. ഭാരതം കർക്കശമായാൽ, ഈരീതിയിലാണ് പെരുമാറുക.

# America's Energy Politics

Coal Industry and grid operators in US are urging the Environmental Protection Agency (EPA) to rethink on their proposed rules to crack down on pollutants from coal-fired power plants, an environmental move by President Joe Biden's administration that contrasts the industry- friendly approach of former President Donald Trump.

In April, the Biden administration proposed a number of regulations meant to reduce the release of toxic gases and other dangers like cross- state smog from coal plants. But such steps would make it impossible to keep coal plants running, the coal industry argues. It would be a blow to them, with the future being focused more on renewables like wind and solar.

But the EPA administrator says that the pending regulations are necessary to compensate for an under regulation of coal during the Trump administration. EPA's proposed changes which have received the most attention, aim to slash smog pollution that comes from power plants and drifts across state lines, endangering people in downwind states. The cross-state air pollution rule would impose aggressive ozone and nitrogen oxide controls on coal powered generators. But now, the coal sector people are asking The EPA for more flexibility to comply with the proposed regulations, citing a direct threat to the ability to keep coal plants running.



*Er. Chandran pillai G.*
*Deputy Chief engineer (Rtd.)*

PJM Interconnection, a regional transmission organization, which oversees grid operations in 13 eastern states including Ohio, Pennsylvania and Virginia reminds EPA that coal power plants supply the bulk of the essential reliability attributes needed to support the grid." Coal is a reliable source of energy that will be needed for the foreseeable future," PJM added.

Midcontinent Independent System Operator (MISO) is emphasizing the reliability of coal, an industry that has been caught in political tussles in recent years. Democrats generally have pushed forms of 'clean' technology, while Republicans argue that a decimation of coal industry would put at risk tens of thousands of people whose livelihoods are dependent on it.

PJM, MISO, the Southwest Power Pool and the Electric Reliability Council of Texas urge the EPA to include in final regulation something called a "reliability

കവിത

# അവൻ



*Er ഹനീഷ് എ.എസ്.*
*അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ*

**പീ**ലിച്ചുരുൾ മുടി കാറ്റിൽ പറത്തിയും,
കണ്ണിൽ കുസൃതി തൻ ദീപം കൊളുത്തിയും,
ചുണ്ടിൽ മധുരമാം പുഞ്ചിരി തൂകിയും ,
വന്നവനെന്നുടെ ജാലക വാതിൽക്കൽ!

ജാലക വാതിൽ പകുതി തുറന്നെന്നെ ,
കൗതുകമോടവനുറ്റു നോക്കീടുന്നു.
'കാണാതൊളിച്ചു കളിയാർന്നു നിൽപാണോ ?
നിന്നെ ഞാൻ കാൺമതില്ലെന്നു കരുതിയോ?'

കണ്ണാ, നീയെന്നുടെ ചാരത്തണയുക.
സ്നേഹമാർന്നെന്നോടു ചേർന്നുരിയാടുക !
കൊഞ്ചും മൊഴികളിലെല്ലാം മറന്നു ഞാൻ,
ആനന്ദ സാഗരം നീന്തിത്തുടിക്കട്ടെ!

തെല്ലും കളങ്കമില്ലാത്തൊരാ കൺകളിൽ,
എന്നാത്മ ശാന്തി തൻ തീരം തിരയട്ടെ !
നിന്നുടെ സാമീപ്യമെത്രമേൽ ഹൃദ്യമാ-
ണിന്നെനിക്കെന്നുമറിയുകെന്നോമനേ!

നിൻമടിയിൽ തല ചായ്ച്ചൊരു പൈതലായ് ,
എന്നെ മറന്നു ഞാനൊന്നുറങ്ങീടട്ടെ !
സ്നിഗ്ദ്ധമാം കൈകളാലെന്നെത്തലോടുക ,
ശാശ്വത ശാന്തി ഞാനെന്നുമറിയട്ടെ !

❋

safety valve" which would allow coal powered generators not to comply if it put at risk coal powered energy in the areas the companies serve. As a reply to this, EPA said its efforts to prevent pollutants from crossing state lines, known as the "Good Neighbor Plan" do not force the retirement of any energy source. The regulations reflect the Biden administration's priorities of reducing greenhouse gas emissions and other pollutants. Biden set a target of achieving 100% carbon –free electricity by 2035.The "Good Neighbor Plan" would prevent about 1000 premature deaths,1.3 million cases of asthma, 2400 visits to hospitals and 470000 missed days of school, according to an EPA fact sheet.

The Biden EPA is also working on a replacement to the Trump administration's Affordable Clean Energy Rule, which will be used to regulate carbon emissions from coal plants. While Democratic lawmakers are fighting legislation to prevent spike in carbon emissions, House Republicans unveil energy and climate plan that would boost fossil fuels. Their strategy on energy and climate does not set specific greenhouse gas targets.

❋

# 69th AGB Special moments.....



# 69th AGB Special moments.....



# 69th AGB Special momeents.....



# 69th AGB Special momcents.....



# കെ.എസ്.ഇ.ബി.ഇ.എ. 69-ാമത് വാർഷിക പൊതുയോഗ റിപ്പോർട്ട്

**കോ**ട്ടയം: പാർലമെന്റിൽ അവതരിപ്പിച്ച വൈദ്യുതി നിയമ ഭേദഗതി പാസ്സായാൽ സംസ്ഥാനത്തെ വൈദ്യുതി വിതരണരംഗം സ്വകാര്യവൽക്കരിക്കാൻ നിർബന്ധിതമാകുകയും അത് വിതരണരംഗത്തെ തകർക്കുകയും ചെയ്യുമെന്ന് കെഎസ്ഇബി എൻജിനീയേഴ്സ് അസോസിയേഷൻ 69-ാമത് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ സന്ദേശത്തിൽ സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി വ്യക്തമാക്കി. ആരോഗ്യ കാരണങ്ങളാൽ യോഗത്തിൽ സന്നിഹിതനാകാതിരുന്ന മന്ത്രി ഉദ്ഘാടന സന്ദേശം നൽകുകയായിരുന്നു.

കേരള ജനത 65 വർഷം കൊണ്ട് പടുത്തുയർത്തിയ വൈദ്യുതി ശൃംഖലയാണ് സ്വകാര്യ സംരംഭകർക്ക് നിസ്സാരവിലയ്ക്ക് ഉപയോഗിക്കുവാൻ നൽകേണ്ടത്. ഇത് സംസ്ഥാനത്തിനും പ്രത്യേകിച്ച് കെഎസ്ഇബിയുടെ നിലനിൽപ്പിനെയും വളരെയധികം ബാധിക്കും എന്ന കാര്യത്തിൽ തർക്കമില്ല. ഇതിനെതിരെ ജനകീയ മുന്നേറ്റം തന്നെ ഉണ്ടാകണമെന്നും, സംസ്ഥാനത്തെ ഭരണകക്ഷിയും പ്രതിപക്ഷവും ചേർന്ന് ഇതിനെതിരെ നേരത്തെ തന്നെ നിയമസഭാപ്രമേയം പാസ്സാക്കിയിട്ടുള്ളതാണെന്നും, പാർലമെന്റിലെ സ്റ്റാൻഡിംഗ് കമ്മിറ്റി സംസ്ഥാനത്തിന്റെ അഭിപ്രായം ആരാഞ്ഞാൽ തീർച്ചയായും എതിർക്കുമെന്നും മന്ത്രി വ്യക്തമാക്കി.

പൊതുമേഖലയിലുള്ള നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ നിർദ്ദിഷ്ഠ താപനിലയത്തിൽ 400 മെഗാവാട്ട് വൈദ്യുതി കുറഞ്ഞനിരക്കിൽ വാങ്ങുന്നതിനുള്ള റെഗുലേറ്ററി കമ്മീഷൻ അനുമതി ലഭിച്ച കാര്യവും യോഗത്തിൽ അറിയിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 736.27 കോടി രൂപ പ്രവർത്തനലാഭം നേടിയതായി മന്ത്രി അറിയിച്ചു.14000 കോടിയിലധികം സഞ്ചിത നഷ്ടവും 9000 കോടി രൂപയുടെ കടബാധ്യതയും 35824 കോടി രൂപയുടെ പെൻഷൻ ബാധ്യതയും ഇപ്പോൾ കെഎസ്ഇബിക്കുണ്ടെന്നും സ്ഥാപനം നന്നായി നിലനിൽക്കുന്നതിന് ജീവനക്കാരുടെയും സംഘടനകളുടേയും ഒറ്റക്കെട്ടായ പ്രവർത്തനം ആവശ്യമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

തുടർന്ന് സെമിനാർ ഉദ്ഘാടനം ചെയ്ത കോട്ടയം എംഎൽഎ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, വൈദ്യുതി എന്ന് പറയുന്നത് എല്ലാ ജനങ്ങൾക്കും അത്യാവശ്യമായ ഒന്നാണെന്നും അതിനെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ ശ്രമം ജനങ്ങളെ ദ്രോഹിക്കാനാണെന്നും പറഞ്ഞു. സംസ്ഥാനത്തെ ഭരണ പക്ഷവും പ്രതിപക്ഷവും അക്കാര്യത്തിൽ ഒറ്റക്കെട്ടാണെന്നും കെഎസ്ഇബിയെ നാശത്തിലേക്ക് നയിക്കുന്ന ഈ ഭേദഗതിക്കെതിരെ എല്ലാവരും അണിനിരക്കുന്നത് അനിവാര്യമാണെന്നും തിരുവഞ്ചൂർ ഓർമപ്പെടുത്തി.

ഓൾ ഇന്ത്യ പവർ എൻജിനീയേഴ്സ് ഫെഡറേഷൻ അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. ശൈലേന്ദ്ര ദുബേയ് വിശിഷ്ട വ്യക്തിയായി പങ്കെടുത്തു. വൈദ്യുതി നിയമ ഭേദഗതി പലപ്രാവശ്യം അവതരിപ്പിച്ച കേന്ദ്രസർക്കാർ പിൻവാങ്ങിയതാണെന്നും നടപ്പിലായാൽ ഇപ്പോൾ ലഭ്യമാകുന്ന സബ്സിഡി ഇല്ലാതാവുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരളത്തിൽ ആകെയുള്ള ഒരു കോടി 30 ലക്ഷം ഉപഭോക്താക്കളിൽ ഗാർഹിക ഉപഭോക്താക്കളായ 95 ലക്ഷം പേരെയും ഈ ഭേദഗതി ബാധിക്കു

മെന്നും അവർക്ക് ഇപ്പോൾ ലഭ്യമാകുന്ന വൈദ്യുതിയുടെ വില ക്രമാതീതമായി ഉയരുമെന്നും ഈ ഭേദഗതിയുടെ സമ്പൂർണ്ണ സ്വകാര്യവല്ക്കരണം ആണ് കേന്ദ്രം ലക്ഷ്യം വെക്കുന്നതെന്നും വിശദമാക്കി. ഒരേ പ്രദേശത്ത് ഒന്നിൽ കൂടുതൽ ലൈസൻസ് വരുന്നതോടുകൂടി സർക്കാർ കമ്പനികളുടെ വരുമാനം കുറയുകയും നിലനിൽപ്പ് തന്നെ അവതാളത്തിലാകും എന്നും ഇത് കെഎസ്ഇബി പോലുള്ള രാജ്യത്തെ സർക്കാർ വൈദ്യുത കമ്പനികളുടെ അവസ്ഥ പരിതാപകരമാക്കുമെന്നും നിലനിൽക്കുവാൻ പ്രയാസപ്പെടുമെന്നും അദ്ദേഹം വിശദീകരിച്ചു. അസോസിയേഷൻ പ്രസിഡന്റ് ശ്രീ. കെ. സുനിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ശ്രീമതി വി.എസ്. ഗീത സ്വാഗതം ആശംസിച്ചു. വൈസ് പ്രസിഡന്റ് നാഗരാജ് ഭട്ട് നന്ദി പ്രകാശിപ്പിച്ചു.

ദേശീയ സെമിനാറിന്റെ ഭാഗമായി നടന്ന ചർച്ച, പേർമനെന്റ് ലോക് അദാലത്ത് അംഗമായ ഡോ. മുഹമ്മദ് ഷെരീഫ് നയിച്ചു. സർവ്വശ്രീ എൻ.ടി. ജോബ്, സി.പി. ജോർജ്, നന്ദകുമാർ, ഷൈൻ സെബാസ്റ്റ്യൻ തുടങ്ങിയവർ വിവിധ വാദങ്ങൾ ഉയർത്തി.

തുടർന്നുനടന്ന സമ്മേളനം പ്രസിഡന്റായി ശ്രീ. കെ. സുനിൽ, ജനറൽ സെക്രട്ടറിയായി ശ്രീമതി ഗീത വിഎസ്, വൈസ് പ്രസിന്റുമാരായി ശ്രീ. ഷാജ്കുമാർ, ശ്രീ. സാബു ജോസഫ്, സെക്രട്ടറിമാരായി ശ്രീ. മുഹമ്മദ് റാഫി, ശ്രീ. നിഷാന്ത്, ശ്രീ. കുഞ്ഞുണ്ണി, ശ്രീ. ഷൈൻ സെബാസ്റ്റ്യൻ, ശ്രീ.പ്രമോദ് കുമാർ തുടങ്ങിയ വരെയും ട്രഷററായി ശ്രീ. അനൂപ് വിജയനെയും തിരഞ്ഞെടുത്തു.

✵

കവിത

# ദീപാവലി



*Er* **മഹേഷ് ടി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

**ദീ**പം തെളിച്ചെങ്ങും ആഘോഷമേളം
ദീപാവലി ദിനത്തിൽ പരമ പ്രധാനം
ദീപ പ്രഭയാൽ ശോഭിയ്ക്ക നാടും നഗരവും
ദീനങ്ങളൊക്കെ മറന്നാനന്ദമേകും നിമിഷങ്ങൾ

മാനവനേകിയ മാധവാ മഹാപ്രഭോ
മനതാരിൽ മധു പോൽ
മാധുര്യമുള്ളോർമ്മകളീദിനം നൽകിടുമ്പോൾ
മധുരം നൽകി പങ്കിടാം ആശംസകൾ



✵

# FOLLOW YOUR BLISS

*Er Thomas Kolanjikombil*
Maramon.

'Follow your bliss' is a phrase coined by Joseph Campbell, mytholigist and writer, in his book 'The power of myth'. He came across the idea of bliss from the sanskrit word 'satchitananda'. This word consists of three sanskrit words, sat = being, chit = consciousness, Ananda = bliss. He says "I didn't know whether my being or consciousness is proper, but I know where my bliss is, so I carry on to bliss to bring up on both my being and consciousness ".

Every person and every organisation want to do the right thing in the right way. We strive for it, both in personal and professional life. Its a survival issue. Its a mandate for remaining relevant and being able to grow. You are in the right way when you are following your bliss. The phrase 'follow your bliss' is a spiritual and philosophical statement advising us to identify things which are truly passionate about and pursue them wholeheartedly.

Following your bliss means trusting that everything will work out, even if things aren't completely perfect. Allow yourself to truly listen that inner voice. The moment that your heart literally jumped out of your chest, that's the right way. Select that path. Following your bliss is not at all complicated, provided we learn how to really do it. There is nothing risky about following your heart, listening to your gut and doing what you are most passionate about. It is not dangerous, after all, it is better than doing something that does not make you happy. Following your bliss doesn't mean you should quit your job. It depends on what is your job and how you feel about it. You can be in the job that you don't actually love and find your bliss elsewhere. While struggling in your job you can find the bliss in your family or even vice versa.

Why your life be fuelled by money or maybe lack of money, escape from the fake world. Leave your comfort zone. You should question the fear : the feeling of maybe I shouldn't do that, maybe it's too risky, start saying I am going to do it anyway. You can be all significant, you can all make a difference to this big world. To do that you just need to find your bliss. The things that bring joy, the things you are good at and the things that give fire in your tummies, keep doing, no matter what obstacles get in your way. Follow your bliss is the key to truly unlock the authentic life ahead.

Sujit chattopadhyay, 78, retired teacher from Burdwan, West Bengal was the Padmashree awardee in 2021. He is fondly known as two rupees teacher. Hear from him, how he followed his bliss. "The day I got my postgraduate degree, I didn't waste an extra minute. I rushed back to my village, Ausgram, to become a teacher. Yes, I had higher salary offers from schools in town, but for me Rs.169 that I was offered at my village school meant everything. I was hungry to teach the students from my village, who needed a good

teacher. I taught there for 39 years and only retired because I reached the age of 60. But I was restless, I didn't want to retire. I decided to continue to serve the underprivileged children. I approached my school for a class room to teach, but they refused. I know I had years of teaching left in me. I started teaching at my house verandah with three students. That was in 2004, now on average 350 students per year, most of them tribal girls, are taught. People affectionately call my school 'sadai fakirer pathshala, (the eternal fakir's school). I was surprised, some girls walk 20+ km to come to school. I charge a fee of Rs.2 per year. The fee, mainly serve as a token of respect for the teacher. The high light of my life is being called 'master moshai'. I want to teach until my last breath. It's what I was put on this planet". Yes, one can make a difference...

The path of an individual, ought to take exist inside him/her at all the time. Bliss is the method by which this path reveals itself. Follow the bliss doesn't imply that individuals should simply do whatever things they like. The word bliss denote a sense of purpose and wholeness greater than transitory desire. Follow your bliss is exhortion to others to examine their own lives, discover the path that leads them to a feeling of completeness and pursue it altruistically.

The cave you fear to enter holds the treasure you seek. If you follow your bliss, you put yourself on a kind of track, that has been there all the while waiting for you. Follow your bliss, don't be afraid, the doors will open, where you didn't know they are going to be. Campbell says "If you can see your path laid out in front of you, step by step, you know it's not your path. Your own path, you make, with every step you take, that's your path".

Follow your bliss and the universe will open doors where there were only walls. The goal of life is to make your heart beat, match the beat of the universe, to make your nature match with nature.

✵

## *Condolences & prayers for the departed soul."*



**Er V. Gopalakrishna Sarma**

*Dy. Chief Engineer (Rtd.)*



**Er T. Jalaja**

*Dy. Chief Engineer (Rtd.)*

## ഗാനമാധുരി - 02

# മിയാനും മിയാന്റെ മൽഹാറിൽ ചാലിച്ച ഗാന മാധുര്യങ്ങളും



*Er പി.വി. പ്രമോദ്*
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

**ഹി**ന്ദുസ്ഥാനി സംഗീതത്തിലെ സംഗീത സമ്രാട്ട് എന്നു വിശേഷിപ്പിക്കപ്പെടുന്ന സംഗീതജ്ഞനാണ് മിയാൻ താൻസൻ. ഒരേ സമയം ഗായകനും വാഗ്ഗേയകാരനുമായിരുന്നു അദ്ദേഹം. സംഗീത കൃതികളിലെ സാഹിത്യവും (വാക്) സംഗീതവും (ഗേയം) ഒരാൾ തന്നെ സൃഷ്ടിക്കുമ്പോൾ വിശേഷിപ്പിക്കപ്പെടുന്ന നാമമാണ് വാഗ്ഗേയകാരൻ.

1506 ൽ ഇപ്പോൾ മധ്യപ്രദേശ് സംസ്ഥാനത്തിൽ പെടുന്ന ഗ്വാളിയറിനടുത്ത് ബേഹത് ഗ്രാമത്തിൽ ഒരു ബ്രാഹ്മണ കുടുംബത്തിലായിരുന്നു താൻസന്റെ ജനനം. പിതാവ് മകരന്ദ പാണ്ഡെ വാരാണസിയിൽ ക്ഷേത്ര പൂജാരിയായിരുന്നു. 'രാംതനു' എന്നായിരുന്നു താൻസെന്റെ കുട്ടിക്കാലത്തെ പേര്. വളരെ ചെറുപ്പത്തിൽ തന്നെ സംഗീത പാടവം പ്രകടിപ്പിച്ച താൻസൻ സന്യാസിയും പ്രശസ്ത സംഗീതജ്ഞനുമായ സ്വാമി ഹരിദാസിൽ നിന്നും സംഗീതം അഭ്യസിച്ചു.



കൗമാരത്തിൽ തന്നെ രേവയിലെ രാജാവ് രാമചന്ദ്ര ബാംഘലയുടെ കൊട്ടാരം ഗായക നായി. തുടർന്ന് ഗ്വാളിയർ രാജാവ് മൻസിങ്ങ് തോമറിന്റെ സദസ്സിനെ അലങ്കരിച്ചു. അവിടെ വച്ച് രാജപത്നി മൃഗനയിനിയുടെ തോഴിയായ ഹുസൈനി എന്ന മുസ്ലിം യുവതിയുമായി പ്രണയത്തിലായ താൻസൻ പ്രണയ സാക്ഷാ ത്കാരത്തിനായി ഇസ്ലാം മതം സ്വീകരിക്കുക യായിരുന്നു.

ഒരു ഘട്ടത്തിൽ സൂഫിവര്യനും സംഗീതജ്ഞനുമായ ഗ്വാളിയറിലെ ഷേക്ക് മുഹമ്മദ് ഗൗസിന്റെ ശിഷ്യത്വം സ്വീകരിച്ച താൻസൻ അദ്ദേഹത്തെ ആത്മീയ ഗുരുവുമാക്കി.

താൻസന്റെ സംഗീത പ്രതിഭയെപ്പറ്റി അറിഞ്ഞ അക്ബർ ചക്രവർത്തി അദ്ദേഹത്തെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു വരുത്തി.1562 ൽ താൻസൻ അക്ബർ ചക്രവർത്തിയുടെ ദർബാറിലെ 35 സംഗീതജ്ഞരിൽ ഒരാളായി. തുടർന്ന് ദർബാറിലെ 'നവരത്ന' ബഹുമതി ലഭിച്ചവരിൽ താൻസനും ഉൾപ്പെട്ടു. പിന്നീട് അക്ബർ ചക്രവർത്തിയുടെ ഏറ്റവും ഇഷ്ട കലാകാരനായ താൻസെന് ലഭിച്ച ബഹുമതി നാമമായിയിരുന്നു **മിയാൻ**. സർ എന്നതിന് സമാനമാണ് ഈ പദവി. ഫത്തേപ്പൂർസിക്രിയിലെ അക്ബറിന്റെ ശയ്യാ ഗൃഹത്തിനടുത്ത് 'അനൂപ് ഗാലാബ്' എന്ന തടാകത്തിന്റെ മധ്യത്തിലുള്ള ഒരു തുരുത്തിലെ മണ്ഡപത്തിലിരുന്നാണ് താൻസൻ ചക്രവർത്തിക്കുവേണ്ടി ഗാനാലാപനം ചെയ്തിരുന്നത്.

ഒരു ഗായകൻ എന്നതിലുമുപരിയായി സംഗീത രചനയിലും പ്രതിഭയായിരുന്ന താൻസൻ അനവധി **ധ്രുപദ്** സംഗീതകൃതികൾ രചിച്ചിരുന്നു. ഹിന്ദുസ്ഥാനി സംഗീത ത്തിലെ ഒരു ശാസ്ത്രീയ ഭക്തി സംഗീത രൂപ മാണ്ധ്രുപദുകൾ. മിക്ക രചനകളും ശ്രീകൃഷ്ണൻ, ശിവൻ, പാർവതി തുടങ്ങിയ ഹിന്ദു ദൈവങ്ങളെപ്പറ്റിയായിരുന്നു. ഇതു കൂടാതെ സൂഫി

വര്യൻമാരെക്കുറിച്ചും തന്റെ സംരക്ഷകരായ അക്ബർ, രാമചന്ദ്ര എന്നീ രാജാക്കൻമാരെ പറ്റിയും രചനകളുണ്ട്. താൻസൻ കൃതികൾ സംഗീതഭാവത്തിലും സാഹിത്യഭംഗിയിലും മികവു പുലർത്തുന്നവയാണ്. സ്വാമി ഹരിദാസിൽ നിന്ന് ഭക്തിസംഗീതമായ ധ്രുപദിലും ഗൗസിൽ നിന്ന് സൂഫി സംഗീതത്തിലും ലഭിച്ച പരിശീലനങ്ങൾ ഇവയെ സമന്വയിപ്പിച്ച ഒരു നവീന ശൈലിയിലുള്ള സംഗീതം ചിട്ടപ്പെടുത്താൻ താൻസന് പ്രചോദനമായി. **ദീപക്** എന്ന സംഗീതശാഖയിലും താൻസന്റെ സംഭാവനയുണ്ട്.

സംഗീത കൃതികൾ കൂടാതെ ഏതാനും രാഗങ്ങളും താൻസൻ സൃഷ്ടിച്ചിട്ടുണ്ട്. **ഹിന്ദുസ്ഥാനി സംഗീതത്തിലെ പ്രശസ്ത രാഗങ്ങളായ മിയാൻ കി മൽഹാർ, മിയാൻ കി തോഡി, മിയാൻ കി സാരംഗ്, ദർബാരി കാനഡ തുടങ്ങിയ രാഗങ്ങളുടെ സ്രഷ്ടാവ് താൻസനാണ്.** താൻസൻ രചിച്ച സംഗീത ശാസ്ത്ര ഗ്രന്ഥങ്ങളാണ് **'സംഗീതസാഗരം', 'രാഗമാല'** എന്നിവ.

1589 ൽ ലാഹോറിൽ വച്ച് താൻസൻ അന്തരിച്ചു. പിൽക്കാലത്ത് താൻസന്റെ ഭൗതികശരീരം ഗ്വാളിയറിൽ കൊണ്ടുവന്ന് അടക്കം ചെയ്തു.ആകർഷകമായ ഈ കബറിടം സംഗീത പ്രേമികളുടെ തീർഥാടന കേന്ദ്രമാണ്. എല്ലാ വർഷവും മഞ്ഞുകാലത്ത് ഇവിടെ സംഗീതാരാധന നടക്കുന്നു.

ഐതിഹാസികമായ വ്യക്തിപ്രഭാവമുള്ള താൻസനെ പറ്റി നിരവധി ഐതിഹ്യങ്ങളുണ്ട്. ബാല്യകാലത്ത് മൃഗങ്ങളുടെയും പക്ഷികളുടെയും ശബ്ദം അതേപടി അനുകരിക്കാൻ താൻസന് കഴിഞ്ഞിരുന്നുവത്രെ. ഒരിക്കൽ വനത്തിലൂടെ സ്വാമി ഹരിദാസ് സഞ്ചരിക്കുമ്പോൾ രാംതനു കടുവയുടെ അലർച്ച അനുകരിച്ചതുകണ്ട് അൽഭുതപരതന്ത്രനായി. തുടർന്ന് ആ ബാലനെ സ്വാമി ഹരിദാസ് തന്റെ ശിഷ്യനാക്കി എന്നാണ് മറ്റൊരു ഐതിഹ്യം. മറ്റൊന്നാണ് അക്ബർ ചക്രവർത്തിയുടെ ആഗ്രഹപ്രകാരം ദർബാറിൽ ദീപക് എന്ന രാഗം പാടി കൊട്ടാരത്തിലെ ദീപങ്ങൾ പ്രകാശിപ്പിച്ച കഥ. താൻസനോട് അസൂയപൂണ്ട ദർബാറിലെ ചിലർ ചക്രവർത്തിയോട് ഇത് പറഞ്ഞു പാടിക്കുകയായിരുന്നുവത്രെ. ദീപക് രാഗം പാടുമ്പോൾ ഉണ്ടാകുന്ന താപത്തിൽ ഗായകൻ എരിഞ്ഞു തീരുമെന്ന് താൻസൻ ഭയപ്പെട്ടിരുന്നു. പാടേണ്ട ദിനത്തിന് മുമ്പുള്ള ദിവസങ്ങളിൽ താൻസൻ മകൾ സരസ്വതിയെയും ശിഷ്യ രൂപ്കുമാരിയെയും മഴ പെയ്യിക്കുന്ന **മൽഹാർ** രാഗം പഠിപ്പിച്ചത്രെ. ദർബാറിൽ താൻസൻ ദീപക് രാഗം പാടിയപ്പോൾ കൊട്ടാരത്തിലെ വിളക്കുകൾ ഒന്നൊന്നായി കത്തുകയും വർദ്ധിച്ച ശരീരതാപം താങ്ങാനാകാതെ താൻസൻ പുറത്തേക്ക് ഓടുകയും ചെയ്തു. ഇതേ സമയം മകൾ സരസ്വതി മൽഹാർ രാഗം പാടി മഴ പെയ്യിച്ച് താൻസനെ രക്ഷിച്ചു എന്നാണ് ഐതിഹ്യം.

മഴയുമായി ബന്ധപ്പെട്ട് ഉത്തരേന്ത്യയിൽ വൈവിധ്യമായ സംഗീത സൃഷ്ടികളുണ്ട്. പൊതുവെ ഉഷ്ണകാലാവസ്ഥയുള്ള ഈ പ്രദേശത്ത് ഇരുണ്ട മേഘങ്ങളിൽ പ്രതീക്ഷയോടെ നോക്കുന്ന മനുഷ്യർക്ക് മഴ വലിയ ആനന്ദമാണ് നൽകുന്നത്. ജനത്തിന്റെ ഈ വികാരം സംഗീതകാരൻമാർക്ക് ഗാനസൃഷ്ടിക്ക് പ്രചോദനമായി. ഇങ്ങനെ മഴയുമായി ബന്ധപ്പെട്ട നിരവധി നാടോടി ശാസ്ത്രീയ സംഗീത ഗാനങ്ങൾ ഉണ്ടായി.

മഴയുമായി ബന്ധപ്പെട്ട പ്രശസ്ത ഹിന്ദുസ്ഥാനി രാഗമാണ് മൽഹാർ. പാടുമ്പോൾ മഴ പെയ്യിക്കുവാൻ ശക്തിയുള്ളതാണ് മൽഹാർ രാഗമെന്നാണ് ഐതിഹ്യം. ഈയൊരു വിശ്വാസമാകാം ഈ രാഗത്തിൽ മഴ പ്രമേയമായ സംഗീത കൃതികൾ സൃഷ്ടിക്കപ്പെടാൻ കാരണം. അടിസ്ഥാന രാഗമായ മൽഹാറിന് പുറമെ പല വകഭേദങ്ങളും ഉണ്ട്. ഈ വകഭേദങ്ങൾ മൺസൂണിന്റെ വിവിധ കാലയളവുകളിലാണ് ആലപിക്കപ്പെടുന്നത്.

മൽഹാർ രാഗത്തിന്റെ ഏറ്റവും പ്രശസ്ത വകഭേദങ്ങളിൽ ഒന്നാണ് **മിയാൻ കി മൽഹാർ**.


ഐതിഹാസിക പ്രഭാവമുള്ള സംഗീത ജ്ഞനായ താൻസൻ സൃഷ്ടിച്ച രാഗമെന്ന നിലയിൽ പ്രത്യേകം ശ്രദ്ധേയമാണ് ഈ രാഗം. ആരോഹണത്തിൽ അഞ്ചും അവരോഹ ണത്തിൽ ഏഴും സ്വരങ്ങൾ വിന്യസിച്ച ഒരു 'ഔഡവ സമ്പൂർണ്ണ 'രാഗമാണ് മിയാൻ കി മൽഹാർ. ഹിന്ദുസ്ഥാനി സംഗീതത്തിലെ പരമ്പരാഗതമായ ചിട്ടപ്രകാരം സന്ധ്യയ്ക്കും രാത്രിയിലുമാണ് ഈ രാഗം ആലപിക്കേണ്ടത്.

സാധാരണയായി ചലച്ചിത്രഗാനങ്ങളിൽ അധികം ഉപയോഗിക്കപ്പെടാത്ത രാഗമാണ് മിയാൻ കി മൽഹാർ. എണ്ണത്തിൽ അധികമി ല്ലെങ്കിൽ കൂടി മലയാളത്തിൽ ശ്രദ്ധേയമായ മൂന്നു ചലച്ചിത്രഗാനങ്ങളുണ്ട്.

ആദ്യത്തെ ഗാനമാണ്

*ഇന്നെനിക്ക് പൊട്ടുകുത്താൻ*
*സന്ധ്യകൾ ചാലിച്ച സിന്ദൂരം*
*ഇന്നെനിക്ക് കണ്ണെഴുതാൻ*
*വിണ്ണിലെ നക്ഷത്ര മഷിക്കൂട്*

1977 ൽ പുറത്തിറങ്ങിയ 'ഗുരുവായൂർ കേശവൻ ' എന്ന ചിത്രത്തിൽ പി. ഭാസ്കരൻ മാസ്റ്റർ രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകി മാധുരിപാടിയ ഈ ഗാനം നിത്യഹരിത മാണ്.സ്ഥലത്തെ രാജ കുടുംബം ഗുരുവായൂർ ക്ഷേത്രത്തിൽ നടയ്ക്കി രുത്തിയ ഗുരുവായൂർ കേശവൻ എന്ന ആന യുടെ കഥ പറയുന്ന ചിത്രത്തിൽ കോവില കത്തിലെ യുവരാജാവും പാപ്പാന്റെ മകളും തമ്മിലുള്ള പ്രണയവും പ്രമേയമാണ്. രാത്രിസമയത്ത് കമിതാക്കളുടെ പ്രണയ സമാഗമം ചിത്രീകരിക്കുന്നതാണ് ഗാനരംഗം.



ഭാസ്കരൻ മാസ്റ്ററുടെ മികച്ച രചനാ ശൈലിയുള്ളതാണ് ഗാന വരികൾ. പൊട്ടു കുത്താൻ സന്ധ്യകൾ ചാലിച്ച സിന്ദൂരം, കണ്ണെഴുതാൻ വിണ്ണിലെ നക്ഷത്ര മഷിക്കൂട്ട് , സ്വപ്നത്തിലെ കഞ്ജബാണന്റെ കളിത്തോഴൻ, പന്തലൊരുക്കുന്ന പൊന്നിലഞ്ഞികൾ, താല മെടുക്കുന്ന കർണ്ണികാരങ്ങൾ തുടങ്ങിയ വാക്കുകളുടെ സാഹിത്യഭംഗിയും പദവിന്യാ സവും ഗാനത്തിന് രചനാപരമായ ചാരുത നൽകുന്നു.

മിയാൻ കി മൽഹാർ എന്ന ശ്രദ്ധേയ രാഗത്തിൽ അധിഷ്ഠിതമെന്ന നിലയിലും മനോഹരമായ സംഗീത സൃഷ്ടിയെന്ന നില യിലും മികച്ച ആലാപന ഭംഗിയുള്ള ഗാന മെന്ന നിലയിലും എക്കാലത്തെയും ശ്രദ്ധേയ ഗാനമാണ് 'ഇന്നെനിക്ക് പൊട്ടുകുത്താൻ'. മനോഹരമായ ഹമ്മിംഗിൽ ആരംഭിക്കുന്ന ഗാനത്തിൽ അനുപല്ലവിയുടെ അന്ത്യത്തിലെ സ്വരനാമങ്ങൾ ഉപയോഗിച്ചുള്ള സ്വരപ്രസ് താരം ഗാനത്തിന്റെ പ്രധാന ആകർഷകത കളിലൊന്നാണ്. മധ്യസ്ഥായിയിൽ തുടങ്ങി താരസ്ഥായിയിൽ അവസാനിക്കുന്നതാണ് ഈ സ്വരപ്രസ്താരം.

എന്നാൽ ചരണത്തിന്റെ അന്ത്യത്തിൽ സ്വരപ്രസ്താരത്തിന് സ്വരനാമങ്ങൾക്ക് പകരം 'അകാരം ' ഉപയോഗിച്ചത് സംഗീതപരമായ മറ്റൊരു സവിശേഷതയാണ് . അകാരാലാപ നത്തിലെ താരസ്ഥായിഘട്ടം കാമുകീകാമുകൻ മാരുടെ സമാഗമവേളയുടെ ദൃശ്യചിത്രീകരണ ത്തിന് അനുബന്ധമായി ഉപയോഗിച്ചത് ദൃശ്യത്തിന്റെ സംഗീതാവിഷ്കാരത്തിന്റെ മാറ്റുകൂട്ടുന്നു.

അർദ്ധ ശാസ്ത്രീയമാണ് ഗാനം എങ്കിലും ഹിന്ദുസ്ഥാനി ശാസ്ത്രീയ സംഗീതത്തിലെ പരമ്പരാഗത ശൈലിയിൽ നിന്ന് വിഭിന്നമായ സ്വരസഞ്ചാരരീതിയും സ്വരപ്രസ്താരവും സംഗീതചട്ടക്കൂടുമാണ് ദേവരാജൻമാസ്റ്റർ ഗാനത്തിന് നൽകിയത് .

നിശാ പശ്ചാത്തലത്തിൽ മായാ പരിവേഷം നൽകി ചിത്രീകരണം നടത്തിയ ഗാനരംഗ ത്തിലുള്ള ക്ഷേത്രദീപാലങ്കാരങ്ങളും കഥ

കളിയും എല്ലാം ദൃശ്യത്തിന്റെ മാറ്റുകൂട്ടുന്നു.

മാധുരിയുടെ മനോഹരവും ഗാംഭീര്യത യുള്ള ആലാപനമാണ് ഗാനത്തിന്റെ മറ്റൊരു സവിശേഷത. ഗായികയുടെ ശബ്ദവ്യക്തിത്വം വ്യക്തമാക്കുന്നതാണ് ആലാപനം. താരസ്ഥാ യിയിൽ ഗമകസ്വര സഞ്ചാരമുള്ള ഈ ഗാനം സ്വരം ഇടറാതെയുള്ള ആലാപനത്തിലൂടെ ഗംഭീരമാക്കാൻ ഗായികയ്ക്കു കഴിഞ്ഞു.

മിയാൻ കി മൽഹാർ രാഗത്തിലെ രണ്ടാമത്തെ ഗാനമാണ് 1989 ൽ പുറത്തിറങ്ങിയ പുരാണ പശ്ചാത്തലമുള്ള കഥ പറയുന്ന ചിത്രമായ 'വൈശാലി 'യിലേത്

*ഇന്ദുപുഷ്പം ചൂടി നിൽക്കും രാത്രി*
*ചന്ദനപ്പൂങ്കുട ചാർത്തിയ രാത്രി*

ഒ എൻ വി കുറുപ്പ് രചിച്ച് രവി ബോംബെ ഈണംനൽകി ചിത്ര പാടിയതാണ് ഗാനം . മഴയുമായി ബന്ധപ്പെട്ട ഒരു ഉൾപ്പെടുന്ന ചലച്ചിത്രത്തിന്റേത് എന്ന കാര്യം ശ്രദ്ധേയമാണ്.



ദീർഘകാലം മഴയി ല്ലാതെ വരണ്ടുപോയ അംഗരാജ്യത്ത് മഴ പെയ്യിക്കാൻ ഒരിക്കലും സ്ത്രീ സംസർഗ്ഗ മില്ലാത്ത ഒരു കുമാരന്റെ സാന്നിധ്യം ആവശ്യ മാണെന്ന് ജോൽസ്യർ പ്രവചിക്കുന്നു. അങ്ങു ദൂരെയുള്ള ഒരു ദേശത്ത് വിഭാണ്ഡകൻ എന്ന മഹർഷിയുടെ പുത്രനായി ഋശ്യശൃംഗൻ എന്ന മുനികുമാരൻ ഇങ്ങനെ സ്ത്രീകളെ കാണുക പോലും ചെയ്യാതെ പിതൃസംരക്ഷണയിൽ മാത്രമായി ആശ്രമത്തിൽ വളരുന്നവനാണ്. ഋഷ്യശൃംഗനെ ഒരു സുന്ദരിയായ കന്യകയെ ഉപയോഗിച്ച് ആകർഷിച്ചു അംഗരാജ്യത്തേക്ക് കൂട്ടിക്കൊണ്ടുവരുവാൻ രാജാവായ ലോമപാദൻ സ്ത്രീകളുടെ ഒരു സംഘത്തെ അയക്കുന്നു. ഇവർ നദിയിലൂടെ ജലയാനത്തിൽ ലക്ഷ്യത്തിനായി യാത്ര തിരിക്കുന്നു. ഈ യാത്രയുടെ രാത്രി സമയത്തുള്ള ഒരു വേളയിലെ ചിത്രീകരണമാണ് ഗാനരംഗം.

ചന്ദ്രൻ ഉദിച്ചു നിൽക്കുന്ന രാത്രിയുടെ അന്തരീക്ഷവും സാവധാനത്തിൽ നീങ്ങുന്ന ജലയാനത്തിന്റെ ചലനവും ദ്യോതിപ്പിക്കുന്ന രീതിയിലുള്ള മനോഹരമായ ഈണവും പശ്ചാത്തല സംഗീതവുമാണ് ഗാനത്തിലുള്ളത്.



1991 ൽ ഇറങ്ങിയ 'ഞാൻ ഗന്ധർവൻ 'എന്ന ചിത്രത്തിൽ കൈതപ്രം രചിച്ച് ജോൺസൺ ഈണം നൽകി യേശുദാസ്പാടിയ ഗാനമാണ്

*ദേവീ...........*
*ആത്മരാഗമേകാൻ*
*കന്യാവനിയിൽ സുഖദം*
*കളഗാനം പകരാനണയൂ*
*ഗന്ധർവ വീണയാകൂ നീ ദേവീ*

ഹൈന്ദവ വിശ്വാസമനുസരിച്ച് സ്വർഗ ലോകത്തിലെ ഗായകരാണ് സുന്ദരൻമാരും ആകാര സൗഷ്ഠവമുള്ളവരുമായ ഗന്ധർവൻ മാർ. ബ്രഹ്മാവിന്റെ വിയർപ്പിൽ നിന്നുമാണ് ഗന്ധർവൻമാർ സൃഷ്ടിക്കപ്പെട്ടതത്രെ. വിവിധ കാരണങ്ങളാൽ ശാപം കിട്ടുമ്പോൾ ഇവർ ഭൂമിയിലേക്ക് നാടുകടത്തപ്പെടുന്നു. ഇങ്ങനെ ഭൂമിയിലെത്തിയ ഒരു ഗന്ധർവനും കോളജ് വിദ്യാർഥിനിയായ യുവതിയും തമ്മിലുള്ള പ്രണയമാണ് ചലച്ചിത്രത്തിലെ പ്രമേയം. കമിതാക്കളുടെ പ്രണയകേളികളും സഞ്ചാര വുമാണ് ദേവീ എന്ന ഗാനത്തിന്റെ പശ്ചാത്തലം .

മിയാൻ കി മൽഹാർ രാഗത്തിന്റെ രാഗ ഭാവം പ്രകടമാകുന്ന രീതിയാൽ അർദ്ധ ശാസ്ത്രീയമായാണ് ഗാനം ചിട്ടപ്പെടുത്തിയത്. ഗാനം ആരംഭിക്കുന്നത് രാത്രിയുടെ പശ്ചാത്തലത്തിലാണ്. ഗന്ധർവന്റെ സാന്നിധ്യം അനുഭവഭേദ്യമാക്കുന്ന രീതിയിലുള്ള പശ്ചാത്തല സംഗീത

## സുഭാഷിതം

# മറഞ്ഞിരിക്കുന്ന സൗന്ദര്യം



*Er* കെ. ശശിധരൻ (റിട്ട.)
കണ്ണൂർ

പ്രകൃതിയിൽ മറഞ്ഞിരിക്കുന്ന അമൂല്യമായ പലതും മനുഷ്യർ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ കണ്ടെത്തൽ എല്ലാവർക്കും സാധിച്ചെന്ന് വരില്ല. പലരുടെ തലയിൽ പലപ്പോഴായി പലതും വീണെങ്കിലും സർ ഐസക്ന്യൂട്ടൻ ഒരു ആപ്പിൾ വീണത് കണ്ടപ്പോഴാണ് ഭൂമിയുടെ ഗുരുത്വാകർഷണം കണ്ടുപിടിക്കപ്പെട്ടത്. ഗുരുത്വാകർഷണം എന്ന യാഥാർത്ഥ്യം ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീണപ്പോഴുണ്ടായതല്ല. അതൊരു പ്രപഞ്ച സത്യമാണ്. ആപ്പിൾ ഒരു നിമിത്തമായെന്ന് മാത്രം.

ഒരാളിലെ ശക്തനായ വ്യക്തിയെ പുറത്തു കൊണ്ടുവരാൻ ഇതുപോലെ നിമിത്തങ്ങൾ ബോധപൂർവ്വമോ അല്ലാതെയോ ചിലപ്പോൾ വേണ്ടിവരും. അങ്ങിനെയൊന്നുണ്ടായില്ലെങ്കിൽ മാനവ രാശിക്ക് ഗുണകരമായിരുന്ന മഹത്വം പുറത്താകാതെ അയാളുടെ ജീവിതം അവസാനിച്ചെന്നു വരാം. ഇത് വിദ്യാർത്ഥികളിലാണ് വളരെ പ്രസക്തം. എത്രയോ മിടുക്കരായ വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ അവരുടെ യഥാർത്ഥ കഴിവ് കണ്ടെത്താതെയും പരിപോഷിപ്പിക്കാതെയും മുളയിലെ മുരടിച്ചു പോകുന്നതായി നമുക്കറിയാം. ഏതെങ്കിലും ഒരു പ്രഗത്ഭനായ അദ്ധ്യാപകന്റെ ശ്രദ്ധ അങ്ങിനെയുള്ള വിദ്യാർത്ഥികളിൽ എത്തപ്പെട്ടിരുന്നെങ്കിൽ നാടിന്റെ ചരിത്രം തന്നെ മാറ്റിമറിക്കപ്പെടുമായിരുന്നു. ഈ കാര്യത്തിൽ രക്ഷിതാക്കൾക്കും ഉത്തരവാദിത്വമുണ്ട്.

പായൽ നിറഞ്ഞ ഒരു ജലാശയം.. പുറമേ നിന്ന് നോക്കുമ്പോൾ പായൽ നിറഞ്ഞ ഉപയോഗശൂന്യമായ ജലാശയം. അതുകൊണ്ട് ആർക്കും ഒരു ഉപയോഗവുമില്ല. എന്നാൽ ആ പായൽ നീക്കിയാൽ, തെളിഞ്ഞ വെള്ളം കാണാം. അതാവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യാം.

മൈക്കൽ ആഞ്ചലോസിന്റെ അനുഭവ കഥ ഇതോടൊപ്പം കൂട്ടിവായിക്കാം. അദ്ദേഹം സ്ഥിരമായി നടന്നുപോകുന്ന വഴിയിൽ ഒരു വെള്ളാരം കല്ലുണ്ടായിരുന്നു. എന്നും അദ്ദേഹം ആ കല്ലിനെ ശ്രദ്ധിക്കും. ഒരിക്കൽ കല്ലിന്റെ ഉടമ ഇങ്ങിനെ പറഞ്ഞു. “നിങ്ങൾ എന്നും താല്പര്യത്തോടെ ഈ കല്ലിനെ

---

മാണ് നൽകിയിരിക്കുന്നത്. ഗാനത്തിൽ മിയാൻ കി മൽഹാർ രാഗത്തിന്റെ സ്വരാലാപനവും ചേർത്തിട്ടുണ്ട്. ഗന്ധർവന്റെ മായാ വിലാസ രംഗങ്ങൾ ചിത്രീകരിക്കുന്നതിന് അനുയോജ്യമായ ഈണവും പശ്ചാത്തല സംഗീതവുമാണ് ഗാനത്തിൽ ഒരുക്കിയിരിക്കുന്നത്. ഗാനഗന്ധർ വന്റെ ആലാപനം മനോഹരവും ഗംഭിരവുമാണ്.

**അവലംബം**

1. എ.ഡി.മാധവൻ ഹിന്ദുസ്ഥാനി സംഗീതം ഡി സി ബുക്സ്,കോട്ടയം
2. താൻസാനെപ്പറ്റിയും മൽഹാർ രാഗത്തെപ്പറ്റിയുമുള്ള വിവിധ ഓൺലൈൻ വെബ്സൈറ്റുകൾ
3. ജി.ദേവരാജൻ ദേവഗീതികൾ , ഓതന്റിക് ബുക്സ് തിരുവനന്തപുരം

ശ്രദ്ധിക്കുന്നുണ്ടല്ലൊ.. ഇത് ആരും കൊണ്ടു പോകാതെ ബാക്കി വന്നതാണ്. നിങ്ങൾക്ക് വേണമെങ്കിൽ കൊണ്ടു പോയിക്കോളു."

മൈക്കൽ ആഞ്ചലോസ് ആ കല്ലുമായി വീട്ടിലേക്ക് പോയി. ദിവസങ്ങൾക്ക് ശേഷം കല്ലുതന്നയാളെ വീട്ടിലേക്ക് കൂട്ടികൊണ്ടു പോയി. 'ഇതാ നിങ്ങൾ തന്ന വെള്ളാരം കല്ല്.'

അയാൾ ഞെട്ടി..!! അതി മനോഹരിയായ ഒരു സുന്ദരിയുടെ ശില്പം..!! ' ഈ കല്ല് വർഷങ്ങളായി അവിടെ കിടക്കുന്നു. ആരും ഒന്ന് തിരിഞ്ഞു നോക്കുക പോലും ചെയ്തില്ല. ആളുകൾ ആ കല്ലിൽ ചവുട്ടിയാണ് ദിവസവും പോയിക്കൊണ്ടിരുന്നത്.എന്നാൽ,താങ്കളതിൽ സുന്ദരിയെ കണ്ടെത്തി. അതെങ്ങിനെയെന്ന് പറയാമോ ?

'ഞാനിതിലെ നടന്നു പോകുമ്പോൾ ഈ കല്ലിൽ മറഞ്ഞിരുന്ന സുന്ദരി എന്നെ മാടിവിളിക്കുമായിരുന്നു. നിങ്ങൾ എനിക്ക് ഈ കല്ല് തന്നപ്പോൾ വീട്ടിൽ കൊണ്ടുപോയി സുന്ദരിയെ മറച്ചിരുന്ന കല്ലിന്റെ ചെറിയ ചെറിയ കഷ്ണങ്ങൾ മാറ്റി. അപ്പോൾ സുന്ദരി പുറത്തു വന്നു'

കുഞ്ഞുന്നാളിൽ ബാധിച്ച വിഷജ്വരവും ന്യുമോണിയായും ഒരു കൊച്ചു മിടുക്കിയുടെ ഇടതു കാലിന്റെ ചലനശേഷി നശിപ്പിച്ചു. അവളുടെ വാക്കുകൾ എന്റെ ഡോക്ടർ എന്നോടു പറഞ്ഞു, നീ ഒരിക്കലും നടക്കില്ലെന്ന്. എന്നാൽ എന്റെ അമ്മ പറഞ്ഞു നിനക്ക് നടക്കാൻ കഴിയും. ഞാൻ അമ്മയെ വിശ്വസിച്ച് ഓട്ടക്കാരിയായി. ഇത്, ആയരത്തി തൊള്ളായിരത്തി അറുപതിലെ റോം ഒളിമ്പിക്സിൽ ഓട്ടത്തിൽ മൂന്ന് സ്വർണ മെഡൽ കരസ്ഥമാക്കിയ വിൽമ റുഡോൾഫിന്റെ വാക്കുകൾ.

തീരെ അവഗണിക്കപ്പെട്ട ഒരുവനിലെ ചെറിയ ചെറിയ പോരായ്മകൾ നീക്കം ചെയ്യാൻ സാധിച്ചാൽ അവിശ്വസനീമായ അത്ഭുതങ്ങൾ അയാളിലൂടെ ലോകത്തിന് ലഭ്യമായേക്കും.

നമ്മുടെ മുന്നിൽ അവതരിപ്പിക്കപ്പെട്ട ഏത് കണ്ടുപിടുത്തത്തിന്റെ പിന്നിലും ഏതെങ്കിലും തരത്തിലുള്ള തിരിച്ചറിവിന്റേയോ ബാഹ്യ ശക്തികളുടേയോ ഇടപെടൽ ഉണ്ടായിരിക്കും എന്നുള്ളത് ഉറപ്പ്. അങ്ങിനെയുള്ള നിമിത്തങ്ങൾക്ക് നിന്നു കൊടുക്കണം എന്നു മാത്രം. തന്നിലെ കഴിവ് സ്വയം തിരിച്ചറിയാൻ പലപ്പോഴും സാധിച്ചെന്ന് വരില്ല. അപ്പോൾ ആരുടെയെങ്കിലും ഇടപെടൽ അനിവാര്യമായി വരും. അങ്ങിനെയുള്ള അവസരങ്ങൾ പാഴാക്കാതിരിക്കുന്നതാണ് ബുദ്ധി.

ജലാശയത്തിലെ ശുദ്ധജലത്തെ മൂടിയിരിക്കുന്ന പായൽ പോലെയോ, വെള്ളാരം കല്ലിലെ സുന്ദരിയെ മൂടിയിരിക്കുന്ന ചെറിയ ചെറിയ കല്ലുകൾ പോലെയോ മനുഷ്യനിലെ കാമ, ക്രോധ, ലോഭ, മോഹ, മദ, മാത്സര്യ ഈർഷ്യ അസുയാദി ദുർഗുണങ്ങളെ നീക്കാൻ സാധിച്ചാൽ ഓരോരാളിലും ഒളിഞ്ഞിരിക്കുന്ന അപാര ശക്തിയെ പുറത്തു കൊണ്ടുവന്ന് ഉത്തമ മനുഷ്യനായി ജീവിച്ച് വിജയിക്കുവാൻ സാധിക്കും. ഈതിരിച്ചറിവിലാകട്ടെ ഇന്നത്തെ തുടക്കം.

✵

**Letters to the Editor**

**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

നാടുനന്നാകാൻ - 10

# വികസന വിരോധികൾ



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**ലോ**കം വൻവികസനക്കുതിപ്പിലാണ്. സങ്കൽപ്പിക്കാനാകാത്തവിധമുള്ള ജീവിത സൗകര്യങ്ങൾ അനുദിനം വർദ്ധിക്കുന്നു. നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ, വികസനമെന്നു കേൾക്കുമ്പോൾത്തന്നെ ചില വിഭാഗങ്ങൾക്ക് കലിയിളകും. സാമ്പത്തിക രാഷ്ട്രീയ നേട്ടങ്ങൾ മുന്നിൽ കണ്ടുകൊണ്ട് പാരസ്ഥിതിക പ്രശ്നങ്ങളുടെ മറവിൽ തടസ്സങ്ങൾ സൃഷ്ടിക്കും.

സംസ്ഥാനത്തങ്ങോളമിങ്ങോളം ബന്ധുമിത്രങ്ങളുള്ള മലയാളി സമൂഹത്തിന് യാത്രകൾ ഒഴിവാക്കാനാകില്ല. തൊഴിലിനും വിദ്യാഭ്യാസാവശ്യങ്ങൾക്കും സാമൂഹ്യമായ ആവശ്യങ്ങൾക്കുമെല്ലാം യാത്രകൾ അനിവാര്യമാണ്. വിദൂരയാത്രകൾക്കു വേണ്ടിവരുന്ന സമയം കുറയുമെങ്കിൽ ഫലത്തിൽ അത് ദൂരം കുറയുന്നതിന് സമാനമാണ്.

ഇതിനുള്ള നല്ലൊരു പദ്ധതിയായിട്ടാണ് സെമി സ്പീഡ് റയിൽവേ, സിൽവർ ലൈൻ, കെ-റെയിൽ എന്നീ പേരുകളിലറിയപ്പെടുന്ന പുതിയ യാത്രാസംവിധാനം വിഭാവനം ചെയ്തിരിക്കുന്നത്.

ഈ പദ്ധതിയുടെ കാര്യത്തിൽ ജനങ്ങൾക്ക് ഒട്ടേറെ ആശങ്കകളുണ്ട്. ഭൂമി നഷ്ടമാകുന്നവർക്ക് തക്കതായ നഷ്ട പരിഹാരം കാലതാമസം കൂടാതെ ലഭിക്കുമോ, പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമോ, നാടിനെ നെടുകെ കീറിമുറിക്കുമോ തുടങ്ങിയ ന്യായമായും തോന്നിപ്പോകുന്ന ഭയാശങ്കകൾ. ഇത്തരം ഭയപ്പാടുകളിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കാനുള്ള ബാദ്ധ്യത സർക്കാരിനുമുണ്ട്. പദ്ധതിയുടെ പേരിൽ ഉണ്ടാകുന്ന വൻ സാമ്പത്തിക ബാദ്ധ്യത പൊതുസമൂഹത്തിന് താങ്ങാനാകുമോ എന്ന സംശയത്തിലും കഴമ്പില്ലാതില്ല.

ഭയാശങ്കകളെയും പ്രതിരോധങ്ങളെയും ഉരുക്കുമുഷ്ടികൊണ്ട് നേരിടുന്ന സമീപനങ്ങൾ ജനകീയ സർക്കാരുകൾക്ക് ഭൂഷണമേ അല്ല. പൊതുസമൂഹത്തെ കാര്യങ്ങൾ ബോധിപ്പിച്ച്, അനുനയിപ്പിച്ച് സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുവേണം വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഏറ്റെടുക്കുന്ന ഭൂമിയിൽ കല്ലിടുന്നതിനും അവയിൽ നിന്നും ഉടമകളെ ഒഴിപ്പിക്കുന്നതിനും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥരുണ്ട്. അത്തരം കാര്യങ്ങളിൽ രാഷ്ട്രീയ പ്രവർത്തകരെ ചുമതലപ്പെടുത്തുന്നത് നല്ലതല്ല, അപമാനകരവുമാണ്.

ഈ പാതയുടെ അലൈൻമെന്റ് കഴിയുന്നതും നിലവിലുള്ള ഹൈവേയിലൂടെയും മറ്റു ഭാഗങ്ങളിലൂടെയും എലിവേറ്റഡ് ഹൈവേ ആയി നടപ്പാക്കിയാൽ പദ്ധതിക്ക് വേണ്ടിവരുന്ന ഭൂമിയുടെ അളവ് കുറയും. ഒറ്റയടിക്ക് നടപ്പാക്കുന്നതിന് പകരം വിവിധ മേഖലകളിലായി വ്യത്യസ്ത ഘട്ടങ്ങളിലായി പൂർത്തിയാക്കിയാൽ സാമ്പത്തിക കാര്യത്തിൽ കുറച്ച് ആശ്വാസമാകും. ഒന്നോരണ്ടോ മേഖലകളിൽ പണിപൂർത്തിയായി വിജയകരമെന്നു കണ്ടാൽ പദ്ധതിയുടെ പ്രയോജനത്തെക്കുറിച്ച് ജനങ്ങൾക്ക് തിരിച്ചറിയാനാകും. സ്വാഭാവികമായും തുടർമേഖലകളിലേക്ക് പാതനീട്ടണമെന്ന ആവശ്യമുയരും, തടസ്സങ്ങൾ താനേ നീങ്ങും. തിരുവനന്തപുരം വരെ മാത്രമുണ്ടായിരുന്ന റെയിൽപ്പാത കന്യാകുമാരി വരെ നീണ്ടതിന്റെ ചരിത്രം നമുക്ക് പാഠമായുണ്ട്.

വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ന്യായമായ നഷ്ട പരിഹാരം മുൻകൂട്ടിത്തന്നെ ഭൂവുടമകൾക്ക് നൽകണം. സർക്കാർ സംവിധാനത്തിലെ ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കന്മാരുടെ നിരുത്തരവാദിത്വത്തിനും അനാസ്ഥയ്ക്കും അഹങ്കാരത്തിനും കടിഞ്ഞാണിടണം. ഭൂമി ഏറ്റെടുക്കലിന് ഇരയായവരെ നിരന്തരം ഓഫീസുകളിൽ കയറിയിറങ്ങാൻ നിർബന്ധിതരാക്കുന്ന ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് പുറത്താക്കി പകരം ആളുകളെ വയ്ക്കണം. പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കാൻ മുടന്തൻ ന്യായങ്ങൾ ഉന്നയിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ട പരിഹാരം ഈടാക്കി ഇരകളാക്കപ്പെട്ടവർക്ക് നൽകണം.ഇക്കാര്യത്തിൽ മാത്രമല്ല, ഏതു കാര്യത്തിലും അങ്ങനെതന്നെയാകണം കാര്യങ്ങൾ.

ഈ വിഷയത്തോടൊപ്പം മറ്റു ചില പദ്ധതികളെക്കുറിച്ചു കൂടി പരാമർശിക്കേണ്ടതുണ്ട്. ഒട്ടും കഴമ്പില്ലാത്ത വൻ എതിർപ്പുകളെ അതിജീവിച്ചാണ് നെടുമ്പാശ്ശേരി വിമാനത്താവളമെന്ന അഭിമാന പദ്ധതി പൂർത്തിയായത്. ഏറ്റവുമധികം എതിർത്തവർതന്നെ അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളുമായി !!!

മുടന്തൻ തടസ്സവാദങ്ങളിലൂടെ പരിസ്ഥിതിയുടെ പേരിൽ മുതലക്കണ്ണീരൊഴുക്കി ചില ദുഷ്ടശക്തികൾ നമ്മുടെ പല ജലവൈദ്യുത പദ്ധതികളും നഷ്ടപ്പെടുത്തി. വൈദ്യുതി ക്ഷാമമുണ്ടായി ജനറേറ്റർ കച്ചവടം പൊടിപൊടിച്ചപ്പോൾ അവർക്കതിന്റെ പ്രയോജനവുമുണ്ടായി. ഇപ്പോൾ കൂടിയ വിലയ്ക്ക് സോളാർ വൈദ്യുതി പൊതുജനങ്ങളിൽ അടിച്ചേൽപ്പിച്ച് തട്ടിപ്പിന്റെ പുതിയൊരു മുഖം സോളാർ മാഫിയ തുറന്നു കഴിഞ്ഞു.

സംസ്ഥാനത്തിന് ഏറെ പ്രയോജനകരമാകേണ്ട വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാവി കരിനിഴലിലാണ്. കോടതികളുടെ ഇടപെടലുകളിലാണ് ഏവരുടെയും പ്രതീക്ഷ.

ചില സ്വകാര്യ സംരംഭകരെ വെറും പിച്ചക്കാശിനു വേണ്ടി ചിലർ ശല്യപ്പെടുത്താറുണ്ട്. ഇവരുടെ മുന്നിൽ ഉച്ചിഷ്ടം എറിഞ്ഞ് തടസ്സങ്ങൾ നീക്കുന്ന സംഭവങ്ങളും കുറവല്ല. പക്ഷേ എല്ലാവർക്കും ഇത് സാദ്ധ്യമല്ല. അവർ മറ്റുവഴികൾ തേടാൻ നിർബന്ധിതരാകും. സംരംഭങ്ങൾ ഉപേക്ഷിക്കുകയോ മറ്റിടങ്ങളിലേക്ക് മാറ്റുകയോ ചെയ്യും. സംരംഭകരുടെ ജാഥയും മതവും നോക്കിയാണ് ചില പുരോഗമന വാദികൾ തടസ്സവാദങ്ങൾ ഉന്നയിക്കുന്നത്. മറ്റുള്ളവർ ഇത് തിരിച്ചറിയുന്നില്ല എന്നാണ് ഇവരുടെ വിശ്വാസം.

പലരും സ്ഥാനത്തും അസ്ഥാനത്തും, ചൂഷണത്തിനും തട്ടിപ്പിനും മുതലെടുപ്പിനുമായി ഉപയോഗിക്കുന്ന ആയുധമാണ് പരിസ്ഥിതിവാദം. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ചെയ്യുന്ന കാര്യങ്ങൾപോലും അംഗീകരിക്കില്ല. മതവിശ്വാസം പോലെ എവിടെയുമെടുത്ത് പ്രയോഗിക്കും. പ്രകൃതിയ്ക്ക് ദോഷങ്ങൾ സൃഷ്ടിക്കുന്ന ആധുനിക ആഡംബര ജീവിതോപാധികൾ അനിയന്ത്രിതമായി ഉപയോഗിക്കുന്നവരാണ് ഇവരിലധികം പേരും; അവരുടെ കുടുംബാംഗങ്ങളും. വെറും അവസരവാദികളായ ഈ കള്ളനാണയങ്ങൾ തങ്ങളിലെ ബഹുപിതൃത്വം ഒട്ടും ഉളുപ്പില്ലാതെ സ്വയം പ്രഖ്യാപിക്കുകയാണ് ചെയ്തു വരുന്നത്.

മേൽ സൂചിപ്പിച്ചവരുടെ പൊയ്മുഖം തുറന്നുകാട്ടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. ഇവരും കുടുംബാംഗങ്ങളും ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ്, ഇവരുടെ വീടുകളിലെ ആഡംബര സംവിധാനങ്ങളുടെയും ആഡംബര ജീവിതത്തിന്റെയും വിവരങ്ങൾ, പൊതുയാത്രാ സംവിധാനങ്ങൾ ഒഴിവാക്കൽ തുടങ്ങിയ കാര്യങ്ങൾ പൊതുജനം തിരിച്ചറിയേണ്ടതുണ്ട്.

പൊതുമേഖലയിലായാലും സ്വകാര്യ മേഖലയിലായാലും അടിസ്ഥാന സൗകര്യങ്ങളും വികസന പ്രവർത്തനങ്ങളും ന്യായീകരിക്കാവുന്ന കുറഞ്ഞ ചെലവിൽ പൊതുജനങ്ങൾക്ക് ലഭ്യമാകണം. അതായിരിക്കണം നമ്മുടെ ലക്ഷ്യം; അതിലേക്കാകണം നമ്മുടെ പാത.

# ദിനചര്യയും ജീവിതക്രമങ്ങളും



*Er എം. അനിൽ*

*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

നമ്മുടെ ജീവിതത്തിൽ ആത്യന്തികമായി നാം എല്ലാവരും സന്തോഷം ആഗ്രഹിക്കുന്നു. സന്തോഷത്തിനായി എന്താണ് വേണ്ടത് ?

അടിസ്ഥാനപരമായി നമ്മുടെ ജീവിതത്തിൽ സന്തോഷം ഉണ്ടാകാൻ നാം ആരോഗ്യപരമായി ഇരിക്കണം. ആരോഗ്യം എന്ന് പറയുമ്പോൾ, ശാരീരികതലത്തിലും മാനസിക തലത്തിലും വൈകാരിക തലത്തിലും ഉള്ള ക്ഷേമം ആണ്. അടുത്ത തലമായ ആത്മീയ തലവും കൂടി കണക്കിലെടുക്കേണ്ടതാണ്. മനുഷ്യജീവിതത്തിൽ 3 H's - Health അഥവാ ആരോഗ്യം, Happieness അഥവാ സന്തുഷ്ടി, Harmoney അഥവാ നാം ജീവിക്കുന്ന പരിതസ്ഥിതിയുമായുള്ള ഇണക്കം അഥവാ ഒരുമ എന്നിവ വളരെയധികം പ്രാധാന്യം അർഹിക്കുന്നു.

ആരോഗ്യത്തെപറ്റി പറയുമ്പോൾ ശാരീരികാരോഗ്യവും മാനസികാരോഗ്യവും വൈകാരികാരോഗ്യവും പ്രത്യേകമായി ശ്രദ്ധ ആകർഷിക്കുന്നു. ഇവ മൂന്നും തമ്മിൽ തമ്മിൽ ആഗാധമായി കെട്ടുപിണഞ്ഞ് കിടക്കുന്നതിനാൽ ഏതെങ്കിലും ഒരുതലത്തിലുള്ള അനാരോഗ്യം മറ്റ് തലങ്ങളിലേക്ക് ഇറങ്ങി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി നമുക്ക് കാണാം.

നമ്മുടെ ആകെപ്പാടെയുള്ള സന്തുഷ്ടിക്കും, ആരോഗ്യപരമായ പരിതസ്ഥിതിയുമായുള്ള ഐക്യത്തിനും നല്ല ചിന്തകളും മാനസികാവസ്ഥകൾക്ക് നല്ല മനോഭാവവും, സദ്‌വികാരങ്ങളും നമ്മുടെ മനസ്സുകളിൽ നിറയ്ക്കേണ്ടതുണ്ട്.

മനസ്സ് എന്ന പ്രശ്നക്കാരൻ എപ്പോഴും നിഷേധാത്മക ചിന്തകളെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ ബുദ്ധിയെ മനസ്സിന്റെ ചിന്തകൾക്ക് അനുസൃതമായി വിടാതെ, ഏകാഗ്രതയോടെ നിഷേധാത്മകചിന്തകളെ മനസ്സിൽ നിന്ന് ഉന്മൂലനം ചെയ്ത് പോസിറ്റീവ് ചിന്തകളെക്കൊണ്ട് നിറക്കേണ്ടതുണ്ട്. എപ്പപ്പോൾ നിഷേധാത്മക ചിന്തകൾ മനസ്സിലേക്ക് വരുന്നുവോ, അപ്പപ്പോൾ തന്നെ അവയെ ബോധത്തിന്റെ സഹായത്തോടെ ആട്ടിയകറ്റേണ്ടത് അത്യാവശ്യമാണ്. കുട്ടികളും ലോലഹൃദയരായ പ്രായമായവരും ഒരേ പോലെ ശ്രദ്ധിയ്ക്കേണ്ട ഒരു കാര്യമെന്തെന്നാൽ, മറ്റുള്ളവർ നമ്മുടെ രൂപത്തെയോ പ്രകൃതിയെയോപറ്റി എന്തെങ്കിലും അഭിപ്രായപ്പെട്ടാൽ, അത് അവരുടെ അഭിപ്രായം മാത്രമാണെന്നും അതിന് യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമുണ്ടാകില്ലെന്നും, നമ്മൾ ആ അഭിപ്രായമെല്ലാം നമ്മുടെ ബോധത്തിലേക്ക് എടുത്താൽ അവ നമുക്ക് വല്ലാത്ത inferiority complex ഉണ്ടാക്കുവാനുള്ള സാദ്ധ്യതയുണ്ടെന്നും അറിഞ്ഞുവേണം പ്രവർത്തിക്കുവാൻ.

നമ്മോട് നിരന്തരം ഇടപെടുന്ന വ്യക്തികൾ, അവർ അറിയാതെയാണെങ്കിലും നമ്മെപറ്റി പറയുന്ന അഭിപ്രായങ്ങൾ നമ്മുടെ വ്യക്തിത്വത്തെ വളരെയധികം ബാധിക്കുമെന്നതിനാൽ മറ്റുള്ളവർ നമ്മെ പറ്റി പറയുന്ന കാര്യങ്ങൾ മുഖവിലയ്ക്കെടുക്കാതെ ഉത്തമമായത് മാത്രം ആലോചിച്ചു സ്വാംശീകരിച്ചാൽ മതിയാകുന്നതാണ്.

നമ്മുടെ ശരീരം അതിന്റെ ഏറ്റവും നല്ല വളർച്ചാ അവസ്ഥകളിൽ എത്തുന്നത് നമുക്ക് 25 വയസ്സാവുമ്പോഴാണ്. 25 വയസ്സ് മുതൽ തന്നെ ശരീരത്തിന് ageing സംഭവിക്കുമെങ്കിലും അത് വ്യക്തിക്ക് അറിയാൻ പറ്റിയെന്ന് വരില്ല. ഒരു നാൽപതു വയസ്സ് എത്തുമ്പോ

ഴേക്കും ശരീരത്തിന്റെപേശികൾക്കും, ജോയി ന്റുകൾക്കും അസ്വസ്ഥതകൾ തുടങ്ങുകയും അത് വേദനയ്ക്ക് വഴിമാറുകയും ചെയ്യുന്നു.

ഈ അവസ്ഥയിൽ ശരീരം എന്ന ഭാവനാ പരമായ ഒരു സൃഷ്ടിയുടെ ageing അനുബന്ധ മായ പ്രശ്നങ്ങൾ ഒഴിവാക്കേണ്ടത് അത്യാ വശ്യമാണ്.

യൗവ്വനത്തിൽ തന്നെ നമ്മുടെ ശരീര ത്തിന് വേണ്ട വ്യായാമങ്ങൾ അനുഷ്ഠിച്ച് ശരീരത്തെ ageing ൽ നിന്ന് മുക്തമാക്കേണ്ടത് ആരോഗ്യ സംരക്ഷണത്തിന് അത്യാവശ്യ മാണ്.

ഒരു മുപ്പത് വയസ്സാകുന്നതോടെ തന്നെ എല്ലാവരും അവരവരുടെ ശരീരത്തിന് വേണ്ട വ്യായാമമുറകൾ ശീലിക്കണം. ഏറോബിക് വ്യായാമങ്ങളിൽ ഏറ്റവും ഉത്തമം നീന്തൽ, നടത്തം ഒക്കെയാണ്. 40-45 മിനിട്ട് വരെ ദിവസേന രാവിലെ നടക്കാൻ സമയം കണ്ടെ ത്തിയാൽ നല്ലതാണ്. യോഗാഭ്യാസം ശീലി ക്കുന്നത് വളരെ ഉത്തമമാണ്. യോഗ ചെയ്യു മ്പോൾ ശ്വാസക്രമവും ശീലിക്കണം. നമ്മുടെ സന്ധികളുടെ ആരോഗ്യം നിലനിർത്താൻ സന്ധികൾക്ക് പ്രത്യേകം വ്യായാമങ്ങൾ ചെയ്യേണ്ടതാണ്. വ്യായാമവും യോഗയും ചെയ്യാൻ ഏറ്റവും അനുയോജ്യം രാവിലെ എഴുന്നേൽക്കുന്ന സമയമാണ്.

നമ്മുടെ ശരീരത്തെയും മനസ്സിനെയും ആരോഗ്യത്തോടെ പരിപാലിക്കാൻ നമ്മൾ താഴെ പറയുന്നവ ശീലിക്കുന്നത് നല്ലതാണ്.

1. രാവിലെ നേരത്തെ ഉണരുകയും, രാത്രി യിൽ നേരത്തെ കിടക്കുകയും ചെയ്യുക.
2. രാവിലെ കിടക്കവിട്ട് എണീറ്റാൽ വായ കഴുകാതെ വയർ നിറയെ വെള്ളം കുടിക്കുക.
3. ദിവസേന രാവിലെ ശൗചവും തുടർന്ന് ദന്തധാവനവും ചെയ്യുക.
4. കഴിയുമെങ്കിൽ രാവിലെ തന്നെ സ്നാനം ചെയ്യുക.
5. സ്നാനാനന്തരം joint rotation, യോഗ, Meditation എന്നിവ ചെയ്യുക. Deep breathing ശീലമാക്കുക.
6. രാവിലെ കുളിക്കുമ്പോൾ പിതൃക്കളെ സങ്കല്പിച്ച് കുളിച്ച ശേഷം ഈറനോടെ ജലം തർപ്പണം ചെയ്യുക.
7. കുളിച്ച ശേഷം പ്രാർത്ഥനയിൽ ഏർപ്പെ ടുക. പ്രാർത്ഥന എന്നാൽ ജപമാണ് എന്ന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ .
8. രാവിലെ തന്നെ കഴിയുമെങ്കിൽ 40 മിനിട്ട് മുതൽ 1 മണിക്കൂർ വരെ നടക്കുക.
9. പിന്നെ, നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ മുറപോലെ മടികൂടാതെ ചെയ്യുക.
10. ആഹാരം മിതമായി കഴിക്കുക. നല്ലതു പോലെ ചവച്ചരച്ച് ഇറക്കുക. ആഹാര ത്തിന് 1/2 മണിക്കൂർ മുൻപും ശേഷവും മാത്രം ജലപാനം നടത്തുക.
11. ധാരാളം വെള്ളം കുടിക്കുക. ഏകദേശം 3 ltr. ജലം ഒരു ദിവസം കുടിക്കണം.
12. അന്നജം കൂടതലുള്ള അരി, ഗോതമ്പ്, മറ്റ് ധാന്യങ്ങൾ എന്നിവ മിതമായും പ്രോട്ടീൻ ഉള്ള പയർവർഗ്ഗങ്ങൾ, ഇലക്കറികൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവ കൂടുത ലായും ആഹാരത്തിൽ ഉൾപ്പെടുത്തുക.
13. കഴിവതും അലുമിനിയം പാത്രങ്ങളിൽ ഉള്ള പാചകം ഒഴിവാക്കുക. അലുമിനിയം, ഓർമ്മപ്പിശകിനും, പ്രായം കൂടുമ്പോൾ സ്മൃതിനനാശം പോലുള്ള അസുഖ ങ്ങൾക്കും കാരണമാകും.
14. കഴിവതും വെജിറ്റേറിയൻ ആഹാരം കഴിക്കുക. നമ്മുടെ ദഹനവ്യവസ്ഥ അതി നുവേണ്ടി design ചെയ്തിട്ടുള്ളതാണ്. വളരെ നീളമുള്ള ചെറുകുടലും വൻ കുടലും നോൺവെജിറ്റേറിയൻ ആഹാരം കഴിയ്ക്കാൻ ഉതകുന്ന രീതിയിലല്ല.
15. വിശക്കുമ്പോൾ ആഹാരം കഴിയ്ക്കണം.
16. Nonstick പാത്രങ്ങളിൽ പാചകം ചെയ്യു മ്പോൾ gas stove burner ചൂട് regulate ചെയ്ത് പാചകം ചെയ്യണം. ഇല്ലെങ്കിൽ ടെഫ്ലോൺ കോട്ടിംഗ് ഇളകി ആഹാര ത്തിൽ കലർന്ന് വിഷലിപ്തമാകും. അതേപോലെ Nonstick പാത്രങ്ങൾക്കു ള്ള തവി (Plastic അഥവാ തടി) മാത്രമേ അവയിൽ കുക്ക് ചെയ്യുമ്പോൾ ഉപയോ ഗിക്കാവൂ.

17. പയർ വർഗ്ഗങ്ങൾ കുതിർത്ത് മുളപ്പിച്ച് കറി വയ്ക്കുക.
18. മുട്ടയുടെ വെള്ളക്കരു പ്രോട്ടീൻ സമ്പുഷ്ടമാണ്. അത് കഴിയുമെങ്കിൽ ദിവസം ഓരോന്ന് കഴിക്കുക.
19. വൈകിട്ട് കുളിയ്ക്കുകയോ മേൽ കഴുകുകയോ ചെയ്യുക.
20. സദ് വികാരങ്ങളായ സ്നേഹം, ദയ എന്നിവ മനസ്സിൽ വളർത്തുക. അധമ വികാരങ്ങളെ ഒഴിവാക്കുക.
21. നല്ല പോസിറ്റീവായുള്ള ഓർമ്മകൾ താലോലിക്കുകയും നെഗറ്റീവ് സംഭവങ്ങൾ ഓർക്കാതിരിയ്ക്കുകയും ചെയ്യുക.
22. വൈകുന്നേരങ്ങളിൽ വീട്ടിൽ നാമ ജപവും ദേവനാമാലാപനവും ചെയ്യുക.
23. 8 മണിയോടെ അത്താഴം കഴിച്ച് 10-11 മണിയോടെ ഉറങ്ങുക.
24. രാത്രി 11 മണി മുതൽ വെളുപ്പിന് 3 മണി വരെയുള്ള സമയം ഉറങ്ങാനുള്ളതാണ്. ഈ സമയം ഉറക്കം ഇളയ്ക്കാതിരിക്കുക.
25. രാവിലെ 5 മണിയോടെ എഴുന്നേൽക്കുക
26. പകൽ സമയം കിടന്ന് ഉറങ്ങാതിരിക്കുക. ക്ഷീണം ഉണ്ടായാൽ, ഇരുന്ന് കുറച്ചു നേരം കണ്ണടയ്ക്കുക.
27. യോഗയും, വ്യായാമവും ചെയ്യുമ്പോൾ എൻഡോർഫിൻ എന്ന ന്യൂറോ പെപ്പ്റ്റൈഡ് ഉണ്ടാകുകയും അത് രക്തത്തിൽ കലർന്ന് നല്ല സുഖകരവും സന്തോഷകരവും ആയിട്ടുള്ള അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു.
28. അസുഖങ്ങൾ വരാതിരിയ്ക്കാൻ constipation ഒഴിവാക്കുക. ശ്വാസോച്ഛ്വാസം ത്വരിതപ്പെടുത്തുകയും, നല്ലതുപോലെ ജലം കുടിക്കുകയും നാര് കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ കൂടുതലായി കഴിക്കുകയും ആണ് വേണ്ടത്. അങ്ങനെയുള്ള ആഹാരങ്ങൾ മിതമായി, പ്രോട്ടീൻ ഭക്ഷണം നല്ലുതുപോലെ കഴിക്കുക. ചവച്ചരച്ച് ആഹാരം കഴിക്കുകയല്ല, കുടിയ്ക്കുകയാണ് നല്ല ദഹന പ്രക്രിയക്ക് വേണ്ടത്.
29. Natural breathing നല്ലതുപോലെ ചെയ്യുക
30. Fast Food, Bakery items മുതലായവ ഒഴിവാക്കുക.
31. നല്ല Body mass index (<<25) ഉറപ്പുവരുത്തുക. തടികൂടിയാൽ കുറയ്ക്കാനായി എണ്ണയും, മധുരവും കുറയ്ക്കുക. നല്ലതുപോലെ ദേഹത്തിന് ആയാസം കിട്ടത്തക്ക വിധമുള്ള വ്യായമങ്ങളിൽ ഏർപ്പെടുക.
32. BP കുറയ്ക്കാനായി നല്ലതുപോലെ വെള്ളം കുടിയ്ക്കുക. ഷുഗർ /കോളസ്ട്രോൾ എന്നിവ കുറയാനായി നല്ലതുപോലെ വ്യായാമവും breathing ഉം ചെയ്യുക. ധ്യാനം പരിശീലിക്കുക. mindfuleeness ശീലിക്കുക.
33. നമുക്ക് ചെയ്യാനുള്ള ജോലി വളരെ ഇഷ്ടത്തോടെ, സന്തോഷത്തോടെ, സമർപ്പണ ബോധത്തിൽ ചെയ്തു തീർക്കുക.
34. എല്ലായ്പ്പോഴും സന്തോഷത്തോടെ positive ചിന്തകളോടെ ശാരീരികമായി active ആയി നമുക്ക് സന്തോഷം ലഭിക്കുന്ന ആളുകളുമായി ഇടപെട്ടുകൊണ്ട് ജീവിതം മുന്നോട്ട് കൊണ്ടു പോകുക.
35. നമ്മെക്കൊണ്ട് കഴിയുന്ന സഹയങ്ങൾ മറ്റുള്ളവർക്കായി ചെയ്യുക.
36. കഴിയുമെങ്കിൽ creative ആയിട്ടുള്ള എന്തെങ്കിലും hobby യിലോ activity കളിലോ വ്യാപൃതരാവുക.
37. വീട്ടിൽ ആഹാരം പാകം ചെയ്യുന്നവർ സന്തോഷപൂർവ്വം അത് ചെയ്യുക. പറ്റിയാൽ നല്ല ചിന്തകൾ മനസ്സിൽ വരുത്തുകയും നമ്മുടെ സ്നേഹനിധികളായ കുടുംബാംഗങ്ങളുടെ ആരോഗ്യപരിപാലനത്തിനായി സ്നേഹം ചാലിച്ച് ആഹാരം ഉണ്ടാക്കുക വഴി അത് കഴിയ്ക്കുന്ന ഏവർക്കും സന്തോഷവും ആരോഗ്യവും, മാനസിക സംതൃപ്തിയും സാന്ത്വനവും ഒക്കെ ഉണ്ടാകുന്നു.

## Erratum

It may please be noted that, in the 'Parenting' article on page 20 of September 2022 issue, the correct spelling of the first word in the second column (in the italicised heading) is ***Authoritarian style of Parenting.***

കഥ

# ശംഭോ മഹാദേവ!



*Er.* **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

**റാ**ഫിയണ്ണന്റെ ലീഡർഷിപ്പിലുള്ള ഒരു കൊട്ടേഷൻ ടീമിലായിരുന്നു ഞാനന്ന് ജോലി ചെയ്തിരുന്നത്. വെളുപ്പാൻ കാലത്ത് കുർബാന കാണാൻ നടന്നു പോവുകയായിരുന്ന ഒരു വൃദ്ധയുടെ മാല പറിച്ച കേസിന് ഞാൻ ആറുമാസം ജയിലിലായി രുന്നു. റാഫിയണ്ണനായിരുന്നു എന്നെ ജാമ്യത്തിലിറക്കിയത്. ജാമ്യത്തിലിറങ്ങിയശേഷം അണ്ണന്റെ ടീമിനൊപ്പം ഞാനൊരു ജുവലറി മോഷണത്തിൽ പങ്കെടുത്തു.അത് വൻ വിജയമായിരുന്നു. ആ പണം ഉപയോഗിച്ച് ഞാൻ മാല മോഷണ കേസിൽ നിന്ന് ഊരി.

മോഷണത്തിൽ നിന്ന് ലഭിച്ച പണം പിന്നെയും ബാക്കി ഉണ്ടായിരുന്നു.കേസ് തീർന്നതിനു ശേഷം ഞാനൊരു ആൾ ഇന്ത്യാ ട്രിപ്പ് പോയി.ധനുഷ്കോടി മുതൽ കുളു മനാലി വരെ.ജയിലിൽ വച്ച് തുടങ്ങിയ ഫെയ്സ്ബുക്ക് അക്കൌണ്ടാണ് എനിക്ക് യാത്രയ്ക്കുള്ള പ്രചോദനം നൽകിയത്. ധാരാളം ആളുകൾ പ്രത്യേകിച്ച് സ്ത്രീകൾ തനിച്ചു ആൾ ഇന്ത്യാ ട്രിപ്പ് നടത്തുന്നു.ആ യാത്രകൾ അവരിൽ വലിയ ഒരു മാറ്റം നൽകിയെന്ന് അവർ അവകാശപ്പെട്ടു.അവരുടെ പോസ്റ്റുകളും, റീൽ വീഡിയോകളും എനിക്ക് വലിയ ആവേശം പകർന്നു. കാശ്മീരിലെ മഞ്ഞ്, കൊങ്കൺ വഴിയുള്ള ട്രെയിൻ യാത്ര. ഞാൻ ഉത്സാഹഭരിതനായി.എനിക്ക് ഒരു മാറ്റം അനിവാര്യമായിരുന്നു. ഈ യാത്രയുടെ അവസാനത്തിൽ എനിക്ക് വലിയ ഒരു ആന്തരിക മാറ്റം വരുമെന്ന് ഞാൻ വിചാരിച്ചു.

കൊടുമുടികൾ, മരുഭൂമികൾ. കടൽത്തീരങ്ങൾ, ജനം ജീവിതരസം ഊറിക്കുടിക്കാൻ ഒത്തുചേരുന്ന നഗരസായാഹ്നങ്ങൾ. എങ്കിലും മെല്ലെ എല്ലാം മടുത്തു.എനിക്ക് മടുത്ത വിവരം ഞാൻ എന്നോട് പോലും പറഞ്ഞില്ല. അങ്ങിനെ തോൽവി സമ്മതിക്കാൻ എനിക്ക് മനസ്സില്ലായിരുന്നു.

ഹിമാലയത്തിലെ ദുർഘടമായ ഒരു മലയിടുക്കിൽ, ഇരുണ്ട ഒരു ഗുഹയിൽ തനിച്ചിരുന്നു തപസ്സു ചെയ്യുന്ന ഒരു സ്വാമിയുമായി ഞാൻ പരിചയപ്പെട്ടു. സ്വാമി ഇടയ്ക്കിടെ അടുത്തുള്ള പട്ടണത്തിലേക്ക് വരും. ആളുകൾക്ക് സ്വാമിയെ വലിയ ബഹുമാനമാണ്. ഞാൻ അങ്ങേരുടെ ഒപ്പം കൂടി. ഞാൻ എന്റെ വിവരങ്ങൾ സ്വാമിയോട് പറഞ്ഞു.എല്ലാം തലകുലുക്കി കേട്ട ശേഷം മൂന്നുമാസം തനിക്കൊപ്പം നിൽക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു.

മൂന്നു മാസം കഴിഞ്ഞ് ?' ഞാൻ ചോദിച്ചു.

അപ്പഴേക്കും ഒരു തീരുമാനമാകും. ശംഭോ മഹാദേവ!'കുറച്ചു നേരം എന്നെ നോക്കിയിരുന്നതിനുശേഷം സ്വാമി പ്രതിവചിച്ചു.

സ്വാമി വെളുപ്പിനെ മൂന്നു മണിക്ക് ഉണരും. ഗുഹയുടെ പിന്നിൽ ഒരു അരുവിയുണ്ട്. അവിടെ പോയി കുളിക്കും .പ്രഭാതകൃത്യങ്ങൾ ഒക്കെ കഴിഞ്ഞ് നാല് മണിയാകുമ്പോൾ ഗുഹയിൽ തിരികെ എത്തും.നാല് മണി മുതൽ അഞ്ചു വരെ പൂജയാണ്.പൂജ എന്ന് വച്ചാൽ ഗുഹയുടെ മൂലയ്ക്ക് ഇരിക്കുന്ന നടരാജവിഗ്രഹത്തിൽ ശ്രദ്ധിച്ചു നോക്കിയിരിക്കുക. തനിത്തങ്കത്തിൽ തീർത്തതാണ് നടരാജവിഗ്രഹം. നടരാജന്റെ ശിരസ്സിലും കഴുത്തിലും വജ്രമുണ്ട്.രാത്രിയിൽ സംഗതി മിന്നിത്തിളങ്ങും. സ്വാമിക്ക് അദ്ദേഹത്തിന്റെ ഗുരു സമ്മാനം കൊടുത്തതാണത്രെ അത്.

'ഒരു നാലഞ്ചു കോടി രൂപയുടെ സാധന മുണ്ട്. 'ഒരു ദിവസം ഞാൻ നോക്കുന്നത് കണ്ട പ്പോൾ ഗുരു പറഞ്ഞു. ഞാൻ വാ പൊളിച്ചു.

'നിനക്ക് വേണോ ?' സ്വാമി ചോദിച്ചു.

'എനിക്കോ...എനിക്കൊന്നും വേണ്ട. എനിക്കിതിലൊന്നും താത്പര്യമില്ല സ്വാമി.' ഞാൻ പറഞ്ഞു.

'നല്ലത്. മെറ്റീരിയൽ അഭിലാഷങ്ങളിൽ നിന്നും അകന്നു നിൽക്കുന്നതാണ് നല്ലത്. ശംഭോ മഹാദേവ!'

പൂജ കഴിഞ്ഞാൽ സ്വാമി വിഗ്രഹം കമ്പിളികെട്ടിനുള്ളിൽ മൂടി വയ്ക്കും.പിന്നെ ഗുഹയുടെ മുന്നിൽ വന്നിരിക്കും. ചുറ്റും മലനിരകളാണ്. ഗുഹയുടെ മുൻപിലെ മിനുസമേറിയ പാറയുടെ മുകളിലിരുന്നാൽ മലനിരകൾക്കിടയിലൂടെ ഉദിച്ചു വരുന്ന സൂര്യന്റെ ആദ്യ കിരണങ്ങൾ ആസ്വദിക്കാം. സൂര്യപ്രകാശത്തിന്റെ മഞ്ഞച്ചീളുകൾ നെറ്റിയുടെ മധ്യത്തിൽ സ്പർശിക്കുമ്പോൾ സ്വാമി പുഞ്ചിരിക്കും.

'ഇതാണ് നമ്മുടെ പ്രഭാതഭക്ഷണം.' സ്വാമി ചിരിച്ചുകൊണ്ട് രാവിലത്തെ വെയിൽ കൊള്ളുന്നതിനെ പറ്റി പറഞ്ഞു.

കാലുകൾ ചമ്രം പടിഞ്ഞു യോഗാസന ത്തിൽ കണ്ണടച്ച് ഇരിക്കുന്നവർ മാത്രമാണ് സ്വാമിമാർ എന്ന എന്റെ ധാരണ തെറ്റി.പൂജ കഴിഞ്ഞു വെയിൽ മൂക്കുന്നത് വരെ അദ്ദേഹം ഗുഹയുടെ മുൻപിലെ പാറയിലിരിക്കും. ചിലപ്പോ ഓരോ മൂളിപ്പാട്ട് പാടും. തീരെ സംസാരമില്ല. വെയിലുറച്ചാൽ പിന്നെ അകത്തേക്ക് വരും. ഗുഹയിൽ, ഒരു ലോട്ടയിൽ നിറച്ചുവച്ചിരിക്കുന്ന വെള്ളം കുടിക്കും.വെള്ളം കുടിക്കുന്നത് അമൃത് പാനം ചെയ്യുന്നത് പോലെയാണ്. വളരെ ആസ്വദിച്ചു, സമയമെടു ത്താണ് കുടിക്കുക. ഒപ്പം മുഖത്ത് ഒരു ചിരിയുമുണ്ടാകും.

ഉച്ചയാകുമ്പോൾ എന്തെങ്കിലും പഴങ്ങൾ കഴിക്കും. ചിലപ്പോൾ ഭക്ഷണമേ കഴിക്കില്ല. അത് കഴിഞ്ഞാൽ സന്ധ്യവരെ കിടന്നുറങ്ങും. സന്ധ്യയാകുമ്പോൾ ഉണർന്നു വീണ്ടും ഗുഹ യുടെ മുന്നിലെ പാറയിൽ പോയിരിക്കും. ഓരോ സ്ഥലത്തെയും ആകാശത്തിന് പ്രത്യേ കതകളുണ്ട്. നഗരത്തിലെ ആകാശ ത്തിനു ഒരു മോഷ്ടാവിന്റെ ചിരിയാണ്. ഇവിടെ ഈ മലമുകളിലെ ആകാശത്തിനു ഒരു വൃദ്ധന്റെ ശാന്തതയും. ഇവിടെ രാത്രിയായാലും മലകൾ ഇരുട്ടിൽ മുങ്ങില്ല. അവ നക്ഷത്രവെളിച്ചത്തിൽ ഒരു മങ്ങിയ നീല നിറം കൈക്കൊള്ളും. സ്വാമി ഈ കാഴ്ചകൾ എല്ലാം ഒരു കൊച്ചുകുട്ടി സിനിമ കാണുന്ന കൗതുക ത്തിൽപാതിരാത്രി വരെയിരുന്നു ആസ്വദിക്കും. പിന്നെ കിടന്നു റങ്ങും.

എന്തായിരുന്നു എന്റെ പണി ?

ഗുഹയിലേക്കുള്ള വെള്ളവും വിറകും ശേഖരിക്കുക,ഇടയ്ക്ക് നാലഞ്ചു കിലോമീറ്റർ വനത്തിലൂടെ നടന്ന് പട്ടണത്തിൽ പോയി ഭക്ഷണസാധനങ്ങളും മറ്റും വാങ്ങുക..

ഞാൻ ചെല്ലുമ്പോൾ പട്ടണത്തിലുള്ളവർ അടുത്ത് വരും.

'എന്തെങ്കിലുംപഠിച്ചോ?'അവർ ആകാംക്ഷയോടെ ചോദിക്കും.

സ്വാമിക്ക് ഒരുപാട് അത്ഭുതശക്തികൾ ഉണ്ടെന്നാണ് പട്ടണവാസികൾ പറയുന്നത്. മണ്ണു സ്വർണ്ണമാക്കും, രൂപം മാറാനും, അദൃശ്യ നാകാനും,ഭൂതവും ഭാവിയും പറയാനും,മനസ്സ് വായിക്കാനും...

ഞാൻ നുണ പറയുന്നില്ല.എനിക്കും എന്തെങ്കിലും വിദ്യ പഠിക്കണം എന്നുണ്ടാ യിരുന്നു. പക്ഷേ അങ്ങേരു വാ തുറക്കണ്ടേ ?

പക്ഷേ സ്വാമിയുടെ അടുത്തിരിക്കു മ്പോൾ ഒന്നും ചോദിയ്ക്കാൻ തോന്നില്ല.ചില സമയത്ത് പുള്ളിക്കാരൻ വേറെ ഏതോ ലോകത്ത് ആണെന്ന് തോന്നും. മണിക്കൂറുകൾ കണ്ണടച്ചു ഒരേ ഇരിപ്പിരിക്കും. നിങ്ങൾ വിശ്വസി ക്കില്ല. ഒരു ദിവസം ഞാൻ വിറകു മായി വരുമ്പോൾ സ്വാമിയുടെ മടിയിൽ ഒരു പുലിക്കുട്ടി കിടന്നുറങ്ങുന്നു. ധ്യാനത്തിൽ

മുഴുകിയിരിക്കുന്ന സ്വാമി അത് അറിയുന്നു പോലുമില്ല.

ചില ദിവസങ്ങളിൽ സ്വാമി വനത്തിലൂടെ നടക്കാൻ പോകും. ഒരു ഇലയെ പോലും വേദനിപ്പിക്കാതെയാണ് നടപ്പ്.ചിലപ്പോൾ ആ നടപ്പ് പട്ടണത്തിലെക്കാവും.ആളുകൾ സ്വാമിയുടെ അനുഗ്രഹം വാങ്ങാനും രോഗം ഭേദപ്പെടുത്താനും ഓടിക്കൂടും.

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും എന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. എന്തൊക്കെ ദിവ്യത്വം ഉണ്ടായാലും ഈ കാട്ടിൽ വന്നു ജീവിച്ചിട്ട് എന്ത് കാര്യം? ആളുകളുടെ ഒപ്പം ജീവിക്കുന്നതാണ് വെല്ലുവിളി.

ഞാൻ ഇടയ്ക്കിടെ റാഫിയണ്ണനെ കുറിച്ചോർത്തു. ഒരിക്കൽ മദ്യപിക്കുന്നതിനിടയിൽ കൊട്ടേഷനും മോഷണവും എല്ലാം നിർത്തി ഒരു തട്ടുകട തുടങ്ങുന്നതിനെക്കുറിച്ചു റാഫിയണ്ണൻ പറഞ്ഞിരുന്നു.എനിക്ക് നന്നായി പൊറോട്ട അടിക്കാനറിയാം. അണ്ണന് ഇറച്ചിയും മീനുമെല്ലാം നന്നായി വയ്ക്കാനും. കുടിച്ചു ബോധംകെടുന്നത് വരെ അണ്ണനും ഞാനും തട്ടുകടയെ കുറിച്ച് വിശദമായി പ്ലാൻ ചെയ്തതാണ്. എന്നാൽ രാവിലെ ഉണർന്നപ്പോൾ പുള്ളി അതെക്കുറിച്ച് മറന്നു.എന്നാൽ ഞാൻ മറന്നില്ല.എന്റെ ചിന്ത മുഴുവൻ അത് തന്നെയായിരുന്നു.ഞാൻ തട്ടുകടയുടെ കാര്യം ഓർമ്മിപ്പിച്ചപ്പോൾ റാഫിയണ്ണൻ കുറച്ചു നേരം എന്നെ മിഴിച്ചു നോക്കി. പിന്നെ പൊട്ടിച്ചിരിച്ചു.

'നീ അതും ഓർത്തോണ്ടിരിക്കുവാരുന്നോ? അതൊന്നും നടക്കത്തില്ല.'

'അതെന്താ ?' ഞാൻ ചോദിച്ചു.

'ഒന്നാമത് കാശ് വേണം. ജസ്റ്റ് നാലോ അഞ്ചോ ലക്ഷംരൂപ. പിന്നെ നമ്മൾ നന്നാകാൻ പോലീസുകാർ സമ്മതിക്കത്തുമില്ല.അത് മാത്രമല്ല..''റാഫിയണ്ണൻ ഒന്ന് നിർത്തി.

അണ്ണൻ എന്ത് പറഞ്ഞാലും അതിൽ ജസ്റ്റ് എന്ന വാക്ക് മിക്കവാറും ഉണ്ടാകും.

ഞാൻ ചോദ്യഭാവത്തിൽ അണ്ണനെ നോക്കി.

'ഒരു പത്തു മുപ്പതു വയസ്സ് കഴിഞ്ഞാൽ പിന്നെ ആരെന്നാ വിചാരിച്ചാലും നന്നാകാൻ പറ്റുകേല. അത് വരെയുള്ള ജീവിതം തന്നെ പിന്നേം പിന്നേം ആവർത്തിച്ചോണ്ടിരിക്കും. അല്ലെ പിന്നെ ജസ്റ്റ് വല്ല അത്ഭുതവും നടക്കണം.'

ആ അത്ഭുതത്തിന് വേണ്ടിയാണ് ഞാൻ എപ്പോഴും ഓടി നടന്നത്. സ്വാമിയുടെ ഒപ്പം കൂടിയതും അതിനു വേണ്ടിത്തന്നെയാണ്. ഉള്ളിന്റെ ഉള്ളിൽനിന്നു വരുന്ന ഈ കുറ്റപ്പെടുത്തലിന്റെയും നാണക്കേടിന്റെയും സ്വരത്തിൽ നിന്നു ഓടിരക്ഷപെടാനാണ്. ഗുഹയുടെ അരികിലെ കാട്ടുചോലയിൽനിന്നും വെള്ളം ശേഖരിക്കുമ്പോൾ ഞാൻ മനസ്സിൽ വടിവാൾ വീശുന്നതും ചോര തെറിക്കുന്നതും സ്വപ്നം കണ്ടു. തേനും പഴങ്ങളും ശേഖരിക്കുമ്പോൾ മിനുമിനുത്ത കഴുത്തിൽ നിന്നു തിളങ്ങുന്ന സ്വർണ്ണമാല പറിച്ചു കൊണ്ടോടുന്നത് ഭാവനയിൽ തെളിഞ്ഞു.നിങ്ങളോട് ഞാൻ ഒളിക്കുന്നില്ല.ഞാൻ തെരുവിലാണ് ജനിച്ചത്.ഒരു ഓടയുടെ അരികിൽനിന്നാണ് അവർക്കെന്നെ ലഭിച്ചത്.ആ ഓടയുടെ നാറ്റം ഇപ്പോഴും എന്നെ പിന്തുടരുന്നു.ഏതോ ആണിന്റെയും പെണ്ണിന്റെയും ജീവിതത്തിലെ ശാപം പിടിച്ച നിമിഷത്തിന്റെ ഫലമാണ് ഞാൻ..റാഫിയണ്ണനു എന്നെ അറിയാമായിരുന്നു. അതുകൊണ്ട് തന്നെയാണ് ഞാൻ നന്നാകില്ല എന്ന് അങ്ങേരു തീർത്തു പറഞ്ഞത്.

പക്ഷേ ഇങ്ങനെ മുൻപോട്ടു പോയിട്ട് കാര്യമില്ല.സ്വാമിയുടെ ഒപ്പം ജീവിക്കാൻ തുടങ്ങിയിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്തെങ്കിലും ഒരു തീരുമാനം ഉണ്ടാക്കിയെ പറ്റൂ..

*(തുടരും....)*

# KSEB ENGINEERS' ASSOCIATION

## BENEVOLENT FUND (2022-2023)



**Er Kenny Philip**
Chairman



**Er Subha T.G.**
Vice Chairman



**Er Haridas Vijayan**
Secretary



**Er Pradeep S.V.**
Treasurer



**Er Biji Radha Krishnan (South)**
Joint Secretary



**Er Hareesh A.D. (North)**
Joint Secretary

## 69th AGB Special momeents.....



KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628
Postal Reg. No. KL/TV(N)/645/2022-2024

Price ₹ 10
No. KL/TV(N)/ WPP / 203/ 2022 - 24 at Tvpm. RMS
Licensed to Post without pre payment.
Date of Publication 28-10-2022











Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 93 81 91, bhagathprinters@gmail.com

For private circulation only